സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി

**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ

**പ്രവാസി റിവ്യൂ** മാഗസിൻ

2025 ഒക്ടോബർ 28 ചൊവ്വ

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ



## ശബരിമല സ്വർണക്കൊള്ള; മുരാരി ബാബുവിനെ കസ്റ്റഡിയിൽ വിട്ടു




തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളയിൽ രണ്ടാം പ്രതി മുരാരി ബാബുവിനെ കസ്റ്റഡിയിൽ വിട്ട് റാന്നി കോടതി. ചോദ്യം ചെയ്യലിനും തെളിവെടുപ്പിനുമായി നാല് ദിവസത്തേക്കാണ് എസ്ഐടിയുടെ കസ്റ്റഡിയിൽ വിട്ടത്. മുരാരിയെ തിരുവനന്തപുരത്തേക്കെത്തിച്ച് ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയോടൊപ്പം ഇരുത്തി ചോദ്യം ചെയ്യും. സന്നിധാനത്തെത്തിച്ച് തെളിവെടുപ്പ് നടത്താനും സാധ്യതയുണ്ട്. ഇതിനിടെ ദ്വാരപാലക പാളികൾ 39 ദിവസം കയ്യിൽ വച്ചത് നാഗേഷ് അല്ലെന്നും, നരേഷ് എന്നയാളാണെന്നും എസ്ഐടി കണ്ടെത്തി. തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണ് ഉണ്ണികൃഷ്ണൻ പോറ്റി നാഗേഷ് എന്ന പേര് പറഞ്ഞതെന്നാണ് എസ്ഐടിയുടെ നിഗമനം.

ഹൈദരാബാദിൽ വെച്ച് 2019 ൽ ദ്വാരപാലക പാളികൾ വാങ്ങിയത് നാഗേഷ് അല്ല, നരേഷ് ആണെന്നാണ് എസ്ഐടിയുടെ കണ്ടെത്തൽ. നാഗേഷ് എന്ന് ഉണ്ണികൃഷ്ണൻ പോറ്റി ദേവസ്വം വിജിലൻസിന് തെറ്റായ മൊഴി നൽകി.

എസ്ഐടിയുടെ അന്വേഷണത്തിലാണ് പേരിലെ മാറ്റം കണ്ടെത്തിയത്. ദേവസ്വം വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് പ്രകാരം 2019-ൽ പാളികൾ ഏറ്റെടുത്തത് ഉണ്ണികൃഷ്ണൻ പോറ്റിയുടെ സുഹൃത്തായ അനന്തസുബ്രഹ്മണ്യമാണ്. അയാൾ ഈ പാളികൾ ആദ്യം ബെംഗളൂരുവിൽ കൊണ്ടുപോവുകയും, അവിടെ നിന്ന് ഹൈദരാബാദിലേക്ക് കൊണ്ടുപോവുകയും ചെയ്തു.

# തീരം തൊടാൻ 'മൊൻത'

## തീവ്രചുഴലിക്കാറ്റായി ശക്തിപ്രാപിച്ചേക്കും; കനത്ത മഴയ്ക്ക് സാധ്യത



തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഏഴ് ജില്ലകളിൽ ഇന്ന് യെല്ലോ അലേർട്ടാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലാണ് യെല്ലോ അലേർട്ട്. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കാണ് സാധ്യത.

കാലാവസ്ഥ പ്രതികൂലമായതോടെ കേരള ലക്ഷദ്വീപ് കർണാടക തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കുണ്ട്. തൃശൂർ ജില്ലയിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ മുൻകരുതലിന്റെ ഭാഗമായി ഇന്ന് ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കളക്ടർ അവധി പ്രഖ്യാപിച്ചിട്ടുണ്ട്. സിബിഎസ്‌സി, ഐസിഎസ്‌സി, കേന്ദ്രീയ വിദ്യാലയം, അങ്കണവാടികൾ, മദ്രസകൾ, ട്യൂഷൻ സെന്ററുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്. എന്നാൽ റസിഡൻഷ്യൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി ഉണ്ടായിരിക്കില്ല. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും ജില്ലാ ശാസ്ത്രമേളക്കും മാറ്റം ഉണ്ടായിരിക്കില്ല.

ഇടുക്കിയിൽ മുൻകരുതലിന്റെ ഭാഗമായി മൂന്നാർ ഗ്യാപ്പ് വഴിയുള്ള രാത്രിയാത്ര നിരോധിച്ചിട്ടുണ്ട്. മണ്ണിടിച്ചിൽ ദുരന്തബാധിതരുടെ ക്യാമ്പ് പ്രവർത്തിക്കുന്നതിനാൽ അടിമാലി ഗവൺമെന്റ് ഹൈകൂളിലെ എൽപി, യുപി വിഭാഗങ്ങൾക്ക് ഇന്ന് അവധിയാണ്. മണ്ണിടിച്ചിൽ ഭീഷണി നിലനിൽക്കുന്നതിനാൽ അടിമാലി- മൂന്നാർ പാതയിൽ അനിശ്ചിതകാലത്തേത്ത് യാത്രാനിരോധനം ഏർപ്പെടുത്തി. ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ ജില്ലയിലൂടെ സഞ്ചരിക്കുന്നവർ കനത്ത ജാഗ്രത പാലിക്കണമെന്ന് ജില്ലാ ഭരണകൂടം നിർദേശം നൽകി.

ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട 'മൊൻത' ചുഴലിക്കാറ്റ് ഇന്ന് തീരം തൊടും. ചുഴലിക്കാറ്റ് ഇന്ന് അർധരാത്രിയോടെ ആന്ധ്രാ തീരത്തെത്തും. മണിക്കൂറിൽ 110 കി മീ വേഗതയിലാണ് കാറ്റ് വീശുന്നത്. മൊൻത ചുഴലിക്കാറ്റ് തീവ്രചുഴലിക്കാറ്റായി ശക്തിപ്രാപിക്കാൻ സാധ്യതയുണ്ട്. ആന്ധ്രപ്രദേശിൽ ജാഗ്രതാ നിർദേശം നൽകി. ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ, ആന്ധ്ര, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ കനത്ത മഴ തുടരുകയാണ്. ആന്ധ്രയിലെ 23 ജില്ലകളിലും മുന്നറിയിപ്പുണ്ട്. ഈ സംസ്ഥാനങ്ങളിൽ ദേശീയ ദുരന്തനിവാരണസേനയുടെ കൂടുതൽ യൂണിറ്റുകളെ നിയോഗിച്ചിട്ടുണ്ട്. മൊൻത ചുഴലിക്കാറ്റ് വടക്കോട്ട് നീങ്ങുന്നതിനനുസരിച്ച് കേരളത്തിൽ മഴയുടെ ശക്തി കുറയും. ചുഴലിക്കാറ്റിനെ തുടർന്ന് വിശാഖപട്ടണം വഴി കടന്നുപോകുന്ന 43 ട്രെയിനുകൾ റദ്ദാക്കി.

സംസ്ഥാനത്ത് രാവിലെ 11.30 മുതലുള്ള അടുത്ത മൂന്ന് മണിക്കൂറിൽ മൂന്ന് ജില്ലകളിൽ അതിശക്തമായ മഴയും കാറ്റുമുണ്ടാകുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഓറഞ്ച് അലർട്ട് (അടുത്ത മൂന്ന് മണിക്കൂർ മാത്രം) പ്രഖ്യാപിച്ചു. ഒറ്റപ്പെട്ടയിടങ്ങളിൽ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

അതേസമയം, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ ഇന്ന് മഞ്ഞ അലർട്ട് ആണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്ററിൽ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നത് കൊണ്ട് കേന്ദ്ര കാലാവസ്ഥ വകുപ്പ് അർഥമാക്കുന്നത്.

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും ഇടിമിന്നലുണ്ടാകും. ഇടിമിന്നൽ അപകടകാരികളും മനുഷ്യന്റെയും മൃഗങ്ങളുടെയും ജീവനും വൈദ്യുത-ആശയവിനിമയ ശൃംഖലകൾക്കും വൈദ്യുത ചാലകങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള വീട്ടുപകരണങ്ങൾക്കും വലിയ നാശനഷ്ടം സൃഷ്ടിക്കുന്നതുമാണ്.

## കൊച്ചി ധനുഷ്കോടി ദേശീയപാതയിൽ വീണ്ടും മണ്ണിടിച്ചിൽ; ഒഴിവായത് വൻ ദുരന്തം



ഇടുക്കി: കൊച്ചി ധനുഷ്കോടി ദേശീയപാതയിൽ വീണ്ടും മണ്ണിടിച്ചിൽ. അടിമാലിക്ക് പിന്നാലെ പള്ളിവാസലിലാണ് മണ്ണിടിഞ്ഞത്. പള്ളിവാസൽ മൂലക്കടയിലാണ് ദേശീയപാതയുടെ ഒരു ഭാഗം ഇടിഞ്ഞ് താഴ് ഭാഗത്തേക്ക് പതിച്ചത്. ഇന്നലെ രാത്രി പത്തരയോടെയാണ് അപകടം നടന്നതെന്നാണ് വിവരം. പാതയിലൂടെയുള്ള രാത്രികാല യാത്ര നിരോധിച്ചതിനാൽ വലിയ അപകടം ഒഴിവായി. പ്രദേശത്ത് ഇപ്പോഴും മഴ തുടരുകയാണ്. കൂടുതൽ മണ്ണിടിയാൻ സാധ്യതയുള്ളതിനാൽ പ്രദേശവാസികൾക്കിടയിൽ ആശങ്കയുണ്ട്.

## പാലക്കാട്ടെ സ്പിരിറ്റ് വേട്ടയിൽ ഒരാൾ പിടിയിൽ



പാലക്കാട്: പാലക്കാട്ട് നിന്ന് സ്പിരിറ്റ് പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട കേസിൽ സിപിഎം നേതാവും പ്രതി. സിപിഎം പെരുമാട്ടി ലോക്കൽ സെക്രട്ടറിയായ ഹരിദാസനെയാണ് കേസിൽ പ്രതി ചേർത്തത്. പ്രതിയായ ഹരിദാസൻ ഒളിവിലാണെന്നും അന്വേഷണം നടത്തുന്നുണ്ടെന്നും പൊലീസ് അറിയിച്ചു. കഴിഞ്ഞ ദിവസമാണ് പാലക്കാട് ചിറ്റൂരിൽ 1260 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തത്. മീനാക്ഷിപുരം സർക്കാർപതിയിൽ കണ്ണയ്യൻറെ വീട്ടിൽവെച്ചാണ് പൊലീസ് വൻതാതിൽ സ്പിരിറ്റ് പിടികൂടിയത്. സംഭവത്തിൽ കണ്ണയ്യൻ പൊലീസിൻറെ പിടിയിലായിരുന്നു. കണ്ണയ്യനെ ചോദ്യം ചെയ്തതിലാണ് കൂട്ടുപ്രതികളെക്കുറിച്ചുള്ള വിവരം പൊലീസിന് ലഭിച്ചത്. ലോക്കൽ സെക്രട്ടറി ഹരിദാസനും ഉദയനും ചേർന്നാണ സ്പിരിറ്റെത്തിച്ചതെന്നാണ് കണ്ണയൻറെ മൊഴി. ഇതിന്റെ അടിസ്ഥാനത്തിലാണ് ഹരിദാസനെ പ്രതിചേർത്തത്.

## കെപിസിസി പുനഃസംഘടനയിൽ കോൺഗ്രസിൽ തർക്കം രൂക്ഷം; നേതൃത്വത്തിന് വഴങ്ങാതെ വി ഡി സതീശൻ

തിരുവനന്തപുരം: സംസ്ഥാന കോൺഗ്രസ്സിൽ തർക്കം രൂക്ഷം. കെപിസിസി പുനഃസംഘടനയിൽ നേതൃത്വത്തിന് വഴങ്ങാതെ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. തിരുവനന്തപുരം ഡിസിസി അധ്യക്ഷ പദവിയിൽ ചെമ്പഴന്തി അനിലിനെ നിയമിക്കണമെന്നാണ് വി ഡി സതീശന്റെ ആവശ്യം.

എന്നാൽ ഈ ആവശ്യം നേതൃത്വം അംഗീകരിച്ചിട്ടില്ല. ആവശ്യം അംഗീകരിക്കാൻ കഴിയില്ലെന്നാണ് കെപിസിസി നേതൃത്വത്തിന്റെ നിലപാട്. തർക്കം രൂക്ഷമായതോടെ കെപിസിസി പരിപാടികൾ ബഹിഷ്കരിച്ചിരിക്കുകയാണ് പ്രതിപക്ഷ നേതാവ്.

പുനഃസംഘടനയിൽ പരാതി പരിഹരിക്കാതെ നേതൃത്വവുമായി സഹകരിക്കില്ലെന്നാണ് സതീശൻ പറയുന്നത്. കെപിസിസി സെക്രട്ടറിമാരെയും ഡിസിസി അധ്യക്ഷന്മാരെയും എത്രയും വേഗം പ്രഖ്യാപിക്കണമെന്നും ഈ തീരുമാനമുണ്ടായില്ലെങ്കിൽ കെപിസിസിയുടെ പ്രധാനപരിപാടികളിലടക്കം സഹകരിക്കില്ലെന്നും സതീശൻ നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു. പുനഃസംഘടനയിൽ നിന്ന് വിശ്വസ്തരെ വെട്ടിയതിൽ കെ മുരളീധരനും അതൃപ്തി വ്യക്തമാക്കിയിരുന്നു.

ഭിന്നത കാരണം തദ്ദേശതെരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങളടക്കം അവതാളത്തിലായി. വിഷയത്തിൽ അടിയന്തര ഇടപെടലിന് ഒരുങ്ങുകയാണ് ഹൈക്കമാന്റ്. പ്രശ്നപരിഹാര ചർച്ചകൾക്കായി ഇന്ന് ഡൽഹിയിൽ നിർണായക നേതൃയോഗങ്ങൾ ചേരും.

## കാലുകൾ ഫില്ലർ നിർമിക്കാനുള്ള കമ്പിയിൽ കെട്ടിയിട്ട നിലയിൽ; നിർമാണം നടക്കുന്ന കെട്ടിടത്തിൽ കത്തിക്കരിഞ്ഞ മൃതദേഹം

കൽപറ്റ: വയനാട് കമ്പളക്കാട് ടൗണിനു സമീപം നിർമാണം നടക്കുന്ന കെട്ടിടത്തിനു മുകളിൽ കത്തിക്കരിഞ്ഞ നിലയിൽ മൃതദേഹം കണ്ടെത്തി. ഇന്ന് രാവിലെ കെട്ടിട നിർമാണത്തിന് തൊഴിലാളികൾ എത്തിയപ്പോഴാണ് മൃതദേഹം കണ്ടത്. ഇതര സംസ്ഥാന തൊഴിലാളിയുടേതാണ് മൃതദേഹമെന്നാണ് സംശയം. എന്നാൽ നിർമാണം നടക്കുന്ന കെട്ടിടത്തിൽ ജോലിക്കു നിൽക്കുന്ന തൊഴിലാളികൾ അല്ലെന്ന് കെട്ടിട ഉടമ ഉണ്ണിമോയിൻ പറഞ്ഞു.

കമ്പളക്കാട് പള്ളിക്കുന്ന് റോഡിൽ നിർമാണം നടക്കുന്ന കെട്ടിടത്തിലാണ് മൃതദേഹം കണ്ടത്. കാലുകൾ വയർ ഉപയോഗിച്ച് ഫില്ലർ നിർമിക്കാനുള്ള കമ്പിയിൽ കെട്ടിയിട്ട നിലയിലാണ് മൃതദേഹം.

അൽപം മാറി കറുത്ത നിറത്തിലുള്ള ഒരു ബാഗും പെട്രോൾ കൊണ്ടുവന്നതായി സംശയിക്കുന്ന പ്ലാസ്റ്റിക് കുപ്പിയും മദ്യക്കുപ്പിയും കണ്ടെത്തിയിട്ടുണ്ട്. കമ്പളക്കാട് പൊലീസ് സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ച് അന്വേഷണം തുടങ്ങി.

ഫൊറൻസിക് വിദഗ്ധരടക്കം സ്ഥലത്തെത്തി പരിശോധന നടത്തുമെന്ന് പൊലീസ് പറഞ്ഞു.

## കാർ നിയന്ത്രണം വിട്ട് ബൈക്കിൽ ഇടിച്ചു; നവദമ്പതികൾക്ക് ദാരുണാന്ത്യം; വിവാഹിതരായത് ഏഴു മാസം മുൻപ്



മലപ്പുറം: ചന്ദനക്കാവിൽ കാർ നിയന്ത്രണം വിട്ട് ബൈക്കിൽ ഇടിച്ച് നവദമ്പതികൾക്ക് ദാരുണാന്ത്യം. ഇക്ബാൽ നഗറിലെ വലിയ പീടികക്കൽ മുഹമ്മദ് സിദ്ദിഖ് (32) ഭാര്യ റീഷ എം. മൻസൂർ (25) എന്നിവരാണ് മരിച്ചത്. രാവിലെ എട്ടരയോടെ ആയിരുന്നു അപകടം. കാലുകൾ ഫില്ലർ നിർമിക്കാനുള്ള കമ്പിയിൽ കെട്ടിയിട്ട നിലയിൽ; നിർമാണം നടക്കുന്ന കെട്ടിടത്തിൽ കത്തിക്കരിഞ്ഞ മൃതദേഹം ഏഴു മാസം മുൻപായിരുന്നു ഇരുവരുടെയും വിവാഹം. ഇരുവരെയും ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. മൃതദേഹങ്ങൾ തിരൂർ ജില്ലാ ആശുപത്രിയിലേക്ക് മാറ്റി.

## കാറിന് തീപിടിച്ച് പൊള്ളലേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു

മലപ്പുറം: മലപ്പുറം തേഞ്ഞിപ്പലത്ത് കാറിന് തീപിടിച്ച് പൊള്ളലേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. ചെനക്കലങ്ങാടി സ്വദേശി ആദിൽ ആരിഫ് ഖാനാണ് മരിച്ചത്.

80 ശതമാനത്തിലേറെ പൊള്ളലേറ്റ ആദിലിനെ കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. തുടർന്ന് കഴിഞ്ഞ ദിവസം വിദഗ്ധ ചികിത്സയ്ക്കായി ഡൽഹി എയിംസിലേക്ക് കൊണ്ടുപോയെങ്കിലും ഇന്ന് പുലർച്ചെ മരണത്തിന് കീഴടങ്ങുകയായിരുന്നു. കഴിഞ്ഞ ദിവസം രാത്രിയോടെയാണ് വീടിനു സമീപത്ത് വെച്ച് കാറിന് തീപിടിച്ച് യുവാവിന് പൊള്ളലേറ്റത്.




# കായികമേളയിലെ പ്രായ തട്ടിപ്പ് മുളയിലെ നുള്ളണം

ഇന്ത്യൻ കായിക മേള ലോക കായിക ലോകവുമായി തട്ടിച്ചുനോക്കുമ്പോൾ ഏറെ പിന്നിലാണെന്ന് കാണാൻ സാധിക്കും. ഓരോ ഒളിംമ്പിക്സും കഴിയുമ്പോൾ 130 കോടി ജനസംഖ്യയുള്ള ലോകത്തിലെ രണ്ടാം രാജ്യമായ ഇന്ത്യക്ക് ആഹ്ലാദിക്കാൻ മെഡൽ പട്ടിക നീളുന്നില്ല. എന്നതാണ് വാസ്തവം. ഈ അപര്യാപ്തത പരിഹരിക്കാൻ നമ്മുടെ കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ സ്പോർട്സിന്റെ ഭാഗമാക്കുക എന്നത് മാത്രമാണ് പരിഹാരം. ഈ ദിശയിൽ നന്നായി മുന്നേറുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ അഭിമാനമുയർത്തി രാജ്യത്തിനായി ഒളിംമ്പിക്സിൽ മെഡൽ നേടിയ പ്രതിഭാശാലികളെ സൃഷ്ടിച്ച മണ്ണാണ് കേരളം. പിടി ഉഷയും അഞ്ജു ബേബി ജോർജും പിആർ ശ്രീജേഷുംമെല്ലാം ഓളിംമ്പിക്സിൽ നാടിന്റെ അഭിമാന സ്തംഭങ്ങളായി മാറിയവരാണ്. മറ്റ് മലയാളി കായിക താരങ്ങളും ഒളിമ്പിക്സിൽ രാജ്യത്തെ പ്രതിനിധീകരിച്ചുവന്നത് ഏറെ അഭിമാനകരമാണ്. ഇവരെല്ലാം തന്നെ പ്രതികൂലമായ സാഹചര്യങ്ങളിലൂടെ പടവെട്ടി കഠിനാധ്വാനം ചെയ്ത് മുന്നേറിയവരാണ്. അവരൊന്നും തന്നെ വളഞ്ഞവഴി സ്വീകരിച്ചവരല്ല. മാത്രവുമല്ല ഇവർ നമ്മുടെ കായിക ലോകത്തിന് ഉജ്ജ്വലമായ നേതൃത്വം നൽകുന്നവരാണ്.

എന്നാൽ തിരുവനന്തപുരത്ത് നടന്ന സംസ്ഥാന സ്കൂൾ കായിക മേളയിൽനിന്ന് വന്ന വാർത്ത കായികലോകത്തിന് അവമതിപ്പുണ്ടാക്കുന്നതാണ്. പ്രായതട്ടിപ്പ് നടത്തിയാണ് ഒരു വിദ്യാർഥി മത്സരിച്ചതെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഈ വിദ്യാർഥി സമർപ്പിച്ച രേഖകളിൽ വ്യത്യസ്തത കണ്ടെത്തിയിട്ടുണ്ട്. യഥാവിധി പരിശോധിക്കാതെ കുട്ടിക്ക് കായിക മേളയിൽമത്സരിക്കാൻ അവസരമുണ്ടാക്കിയവരാണ് ഇതിന് ഉത്തരം പറയേണ്ടത്.റിക്കാർഡുകൾ കൃത്യമായി പരിശോധിക്കാതെയും ശാരീരിക ക്ഷമത പരിശോധിക്കാതെയുമാണ് സ്കൂളിൽ അഡ്മിഷൻ നൽകിയതും തുടർന്ന് മേളയിൽ പങ്കെടുക്കാനായതും. സംസ്ഥാന സ്കൂൾ കായിക മേളയിൽ എത്തുന്ന വിദ്യാർഥികൾക്ക് വെല്ലുവിളിയാണ്അനർഹരായവരുടെ കടന്നുകയറ്റം. നല്ലനിലയിൽ പരിശ്രമിച്ച് വിജയം നേടിയെത്തുന്നവരെ തട്ടിപ്പിലൂടെ മത്സരിക്കുന്നവർ പരാജയപ്പെടുത്തുന്നത് ഒഴിവാക്കപ്പെടണം. ഈ സംഭവം ഗൗരവമേറിയ വിഷയങ്ങളാണ് ഉയർത്തിക്കൊണ്ടുവരുന്നത്. ഉത്തേജക മരുന്ന് പരിശോധനയും നിർബന്ധമാക്കണം. ഉത്തരേന്ത്യൻ കായിക മേളകളിൽ കാണപ്പെടുന്ന ഇത്തരം പ്രവണതകൾ നമ്മുടെ നാട്ടിൽ ഇല്ലാതിരിക്കാൻകർശന നടപടിയുണ്ടാകണം.

# ജനാധിപത്യം16 ലേക്കോ?



**ടീ ഷാഹുൽ ഹമീദ്**

ലോകത്തെ ഏറ്റവും പഴക്കമുള്ള ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന ബ്രിട്ടനിൽ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള പ്രായം പതിനെട്ടിൽ നിന്നും പതിനാറിലേക്ക് കുറക്കാൻ ഭരണകക്ഷിയായ ലേബർ പാർട്ടി നിയമനിർമാണം നടത്തിയതോടെ ജനാധിപത്യ പ്രക്രിയയിലേക്ക് കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതിനുള്ള ചർച്ച ലോകത്ത് ആരംഭിച്ചിരിക്കുന്നു. ജനാധിപത്യം കൂടുതൽ ശക്തമാക്കുന്നതിന് യുവാക്കളും തെരഞ്ഞെടുക്കപ്പെട്ടവരും തമ്മിലുള്ള വിടവ് നികത്തുന്നതിന് പങ്കാളിത്ത പ്രക്രിയയുടെ ആരംഭമായ വോട്ടവകാശത്തിന്റെ പ്രായം കുറക്കൽ ഒരു വലിയ ചർച്ചയായി ലോകത്ത് മാറി കഴിഞ്ഞിരിക്കുകയാണ്. ലോകത്തെ മിക്ക രാജ്യങ്ങളുടെയും വോട്ടവകാശം 18 വയസ്സോ അതിന് മുകളിലോ ആണ്. കഴിഞ്ഞ 200 കൊല്ലത്തെ ജനാധിപത്യ വ്യവസ്ഥ പരിശോധിച്ചാൽ വോട്ടവകാശം വിനിയോഗിക്കുവാനുള്ള പ്രായം കുറയ്ക്കുന്ന പ്രവണതയാണ് കാണുന്നത്. ജനാധിപത്യത്തിൽ വികാസം ഉണ്ടാകണമെങ്കിൽ വോട്ടവകാശം വിനിയോഗിക്കുവാനുള്ള പ്രായം 16 ലേക്ക് മാറണം എന്ന വാദഗതിക്ക് പ്രചുര പ്രചാരം ലഭിക്കുന്നുണ്ട് . ലാറ്റിനമേരിക്കൻ രാജ്യങ്ങളിലാണ് വോട്ടിംങ് പ്രായം കുറക്കുന്ന പ്രവണത ആരംഭിച്ചത്. 2000 മാണ്ടോടെ യൂറോപ്യൻ രാജ്യങ്ങളിലും പ്രായം കുറക്കുന്നതിന്റെ അലയൊലികൾ ആഞ്ഞുവീശാൻ തുടങ്ങി . 1939-45 കാലഘട്ടത്തിൽ ലോകത്തെ എല്ലാ രാജ്യങ്ങളുടെയും വോട്ടിംഗ് പ്രായം 21 ആയിരുന്നു .

**ജനാധിപത്യം:**

ജനങ്ങൾക്ക് വേണ്ടി, ജനങ്ങൾ, ജനങ്ങളെ ഭരിക്കുന്ന സംവിധാനമാണ് ജനാധിപത്യം എന്നാണ് എബ്രഹാംലിങ്കൻ വിശേഷിപ്പിച്ചത്. പുരാതന ഗ്രീസിലെ നഗരപ്രദേശമായ ഏതൻസിൽ വെച്ച് ആരംഭിച്ച ജനാധിപത്യത്തിൽ ആദ്യകാലത്ത് സമൂഹത്തിലെ ചെറിയ വിഭാഗത്തിന് മാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ . ഫ്രഞ്ച് വിപ്ലവവും, അമേരിക്കൻ വിപ്ലവവും ജനാധിപത്യത്തിന് കൂടുതൽ കരുത്ത് പകർന്നു. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിനുശേഷം രണ്ടാം ലോകമഹായുദ്ധത്തിനെ തുടർന്ന് നാസിസ്റ്റ് , ഫാസിസ്റ്റ് ശക്തികളുടെ പരാജയം ജനാധിപത്യത്തിന്റെ വളർച്ചക്ക് വഴിയൊരുക്കി. ജനാധിപത്യ രാജ്യങ്ങളിൽ തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുവാനും ഭരണത്തിൽ പങ്കുചേരുന്നതിനും ലഭിക്കുന്ന നിയമപരമായ അവകാശമായും, ജനാധിപത്യത്തിന്റെ അടിസ്ഥാന ശിലയുമായി വോട്ടവകാശം മാറി . ഭൂമിയിലുള്ള വെള്ളക്കാരായ കച്ചവടക്കാർക്ക് മാത്രമേ തുടക്കകാലത്ത് അമേരിക്കയിൽ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. 1870ലാണ് എല്ലാ പുരുഷന്മാർക്കും വോട്ടവകാശം ലഭിക്കുന്നതും 1920 ൽ മാത്രമാണ് സ്ത്രീകൾക്ക് വോട്ട് ചെയ്യുവാനുള്ള അവകാശം അമേരിക്കയിൽ ലഭിച്ചിട്ടുള്ളൂ. 1971 ൽ 26 ാംമത് ഭരണഘടന ഭേദഗതിപ്രകാരം അമേരിക്കയിൽ വോട്ടവകാശത്തിന്റെ പ്രായം 18 ആകുവാൻ അമേരിക്കൻ കോൺഗ്രസ്സിൽ 3/2 ഭൂരിപക്ഷത്തിൽ നിയമം പാസാക്കി 3 മാസത്തിനുള്ളിൽ 38 സംസ്ഥാനങ്ങൾ വോട്ടവകാശം വിനിയോഗിക്കുന്ന പ്രായം 18 ആക്കി പ്രായം കുറച്ച നിയമം അംഗീകരിച്ച പ്രക്രിയ അമേരിക്കയിലെ വേഗതയാർന്ന നിയമ അംഗീകാരമായി വിശേഷിപ്പിക്കുന്നു. ബ്രിട്ടനിൽ സ്ത്രീ പുരുഷ ഭേദമില്ലാതെ 21 വയസ്സിൽ എല്ലാവർക്കും വോട്ടവകാശം 1928 ൽ അംഗീകരിക്കുകയും 1969 ൽ വോട്ടിംങ് പ്രായം 18 ആക്കുകയും ചെയ്തതിന് ശേഷം 56 വർഷത്തിനുശേഷമാണ് വോട്ടിംഗ് പ്രായം 16 ആക്കാൻ പോകുന്നത്. 1990 ന്റെ അവസാനത്തോടെ ജനാധിപത്യ പ്രക്രിയയിൽ യുവാക്കളുടെ എണ്ണം ബ്രിട്ടനിൽ കുറയുകയാണ് ചെയ്യുന്നത്. 2024 ലെ ബ്രിട്ടീഷ് തെരഞ്ഞെടുപ്പിൽ 59.7 % മാത്രമേ വോട്ട് ചെയ്തിട്ടുള്ളൂ, ഇത് മുൻ തിരഞ്ഞെടുപ്പിനേക്കാൾ 7.6 % കുറവായിരുന്നു. ഇതുകൊണ്ടാണ് 15 ലക്ഷം വരുന്ന ജനസംഖ്യയിലെ 16- 17 വയസ്സുകാർക്ക് വോട്ടവകാശം നൽകി പോളിംങ് ശതമാനം വർദ്ധിപ്പിച്ചു ജനാധിപത്യത്തെ വിപുലീകരിക്കാനാണ് ബ്രിട്ടൻ ഒരുങ്ങുന്നത്.

ഇന്ത്യയിൽ സ്വാതന്ത്ര്യത്തിനുശേഷം വോട്ടിംഗ് പ്രായം 21 വയസ്സായിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ 326-ാം അനുച്ഛേദം അനുസരിച്ച്, ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകൾ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്.

1988-ലെ 61-ാം ഭരണഘടനാ ഭേദഗതി നിയമം അനുസരിച്ച്, വോട്ടിംഗ് പ്രായം 21 വയസ്സിൽ നിന്ന് 18 വയസ്സായി കുറച്ചു.

ഈ മാറ്റം ഇന്ത്യൻ ജനാധിപത്യത്തിൽ ഒരു വലിയ സ്വാധീനം ചെലുത്തി, ദശലക്ഷക്കണക്കിന് യുവാക്കൾക്ക് വോട്ടവകാശം ലഭിച്ചു. രാഷ്ട്രീയമായി കൂടുതൽ ബോധവാന്മാരായ യുവജനങ്ങൾക്ക് ജനാധിപത്യ പ്രക്രിയയിൽ നേരിട്ട് പങ്കെടുക്കാൻ ഇത് അവസരം നൽകി.



*കൂടുതൽ യുവാക്കൾ പങ്കെടുക്കുമ്പോൾ ജനാധിപത്യം ശക്തവും വൈവിധ്യപൂർണ്ണമാവുകയാണ് ചെയ്യുന്നത്. ആയതിനാൽ എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനം സ്വീകരിച്ചാൽ ആരോഗ്യകരമായ ജനാധിപത്യം സജീവമായി വളരുന്നതാണ്. വോട്ടിംങ് പ്രായം കുറക്കുന്നതിലൂടെ ജനാധിപത്യത്തിന്റെ ഭാവിയിലേക്കുള്ള നിക്ഷേപമാണ് നടക്കുക. തീരുമാനം എടുക്കുന്നവർ അദൃശ്യമായവരെ ദൃശ്യമാക്കുവാൻ പ്രതിജ്ഞാബദ്ധരായിരിക്കണം. ഒരോ പൌരനും വോട്ടവകാശം വിനിയോഗിക്കുന്നത് രാജ്യത്തിന്റെ ജനാധിപത്യ പ്രക്രിയിൽ അത്യന്താപേക്ഷിതമാണ്. അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനും ഭരണാധികാരികളെ ചോദ്യം ചെയ്യാനുമുള്ള അവസരങ്ങൾ രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുവാനുള്ള തിരഞ്ഞെടുപ്പുകളിൽ കൂടുതൽ ചെറുപ്പക്കാർക്ക് ലഭിക്കേണ്ടതായിട്ടുണ്ട്.*

**വോട്ടവകാശം പ്രായം വ്യത്യസ്ത രീതി:**

യുവത്വത്തിലേക്ക് പ്രവേശിക്കുന്നവരിൽ 5/1 ന് മാത്രമാണ് ലോകത്ത് വോട്ടവകാശം ലഭിക്കുന്നുള്ളൂ. അർജന്റീന, ഓസ്ട്രിയ, ബ്രസീൽ , ക്യൂബ, ഇക്വഡോർ , നിക്കാരാഗ്വ, ബെൽജിയം എന്നീ രാജ്യങ്ങളിൽ വോട്ടിംങ് പ്രായം നിലവിൽ 16 വയസ്സ് ആണ് . അർജന്റീനയിൽ 16 , 17 പ്രായമുള്ളവരിൽ ആവശ്യമുള്ളവർ മാത്രം വോട്ട് ചെയ്താൽ മതി . കിഴക്കൻ ടിമൂർ, ഗ്രീസ്, ഇന്തോനേഷ്യ, നോർത്ത് കൊറിയ, സൗത്ത് സുഡാൻ എന്നീ രാജ്യങ്ങളിൽ വോട്ടവകാശം 17 വയസ്സ് കഴിഞ്ഞവർക്ക് ലഭിക്കുന്നു. ഇന്തോനേഷ്യയിൽ കല്യാണം കഴിഞ്ഞവർക്ക് പ്രായം നോക്കാതെ ജനാധിപത്യ പ്രക്രിയയിൽ പങ്കെടുക്കാവുന്നതാണ് .അമേരിക്കയിൽ വോട്ടവകാശം പ്രായം 18 ആണെങ്കിലും പല സംസ്ഥാനങ്ങളിലും പ്രാഥമിക പ്രാദേശിക തിരഞ്ഞെടുപ്പിൽ 17 വയസ്സുള്ളവർക്ക് പങ്കെടുക്കുവാൻ അവസരമുണ്ട്. ഹംഗറി, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങളിൽ കല്യാണം കഴിച്ചവരാണെങ്കിൽ പ്രായം നോക്കാതെ വോട്ട് ചെയ്യാം . ജോലി ചെയ്ത് നികുതി അടക്കുന്നവരാണെങ്കിൽ ബോസ്നിയ, ക്രൊയേഷ്യ , സെർബിയ, എസ്തോണിയ എന്നീ രാജ്യങ്ങൾ 16 വയസ്സുള്ളവർക്ക് വോട്ട് ചെയ്യാം. ജർമ്മനി, സ്വിറ്റ്സർലണ്ട് എന്നീ രാജ്യങ്ങളിൽ മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ 16 വയസ്സുള്ളവർക്ക് വോട്ട് ചെയ്യാൻ നിലവിൽ സാധിക്കുന്നതാണ്. ഹിത പരിശോധന നടത്തി വോട്ടിംഗ് പ്രായം കുറയ്കുവാൻ സ്പെയിൻ, സ്കോട്ട്ലാന്റ് എന്നീ രാജ്യങ്ങളിൽ സാധിച്ചെങ്കിലും ലക്സംബർഗിൽ 87 % ജനങ്ങളും വോട്ടിംഗ് പ്രായം 18 ൽ നിന്ന് കുറക്കുന്നതിന് എതിരായിരുന്നു. റൊമാനിയയിൽ വോട്ടിംഗ് പ്രായം 16 ആക്കുവാൻ 2022 ൽ സെനറ്റ് അംഗീകരിച്ചെങ്കിലും സർക്കാർ അത് അംഗീകരിച്ചില്ല.

സൌത്ത് കൊറിയയിൽ 19 വയസ്സാണ് വോട്ടിംങ് പ്രായം. ബഹറൈൻ, തായ് വാൻ, നൌറു എന്നീ രാജ്യങ്ങളിൽ 20 വയസ്സാണ് വോട്ട് ചെയ്യാനുള്ള പരിധി. പഴയ കാലത്തെ വോട്ടിംങ് പ്രായമായ 21 വയസ്സുള്ള രാജ്യമാണ് കാമറൂൺ, കുവൈറ്റ് ,ലെബനോൺ, മലേഷ്യ, ഒമാൻ , സൌദ്യ അറേബ്യ, സിംഗപ്പൂർ, ലോകത്ത് വോട്ടവകാശത്തിന് വേണ്ടി ഏറ്റവും കൂടുതൽ കാത്തിരിക്കേണ്ടത് യു എഇയിലാണ് അവിടെ വോട്ട് ചെയ്യാൻ 25 വയസ്സ് പൂർത്തിയാകണം.

**എന്തുകൊണ്ട് 16 വയസ്സ്?**

16 ആം വയസ്സിൽ വോട്ട് ചെയ്യാൻ തുടങ്ങുന്ന പൗരന്മാർ ജീവിതകാലം മുഴുവൻ വോട്ടർമാരാകാനുള്ള സാധ്യത കൂടുതലാണ് എന്നാണ് ഗവേഷണങ്ങൾ കാണിക്കുന്നത്. കൌമാരത്തിന്റെ അവസാനവും യുവത്വത്തിന്റെ ആരംഭവും 16 ലാണ്. സ്കൂൾ കാലം അവസാനികുന്നതും തൊഴിൽ ജീവിതം ആരംഭിക്കുന്നതും 16 വയസ്സിലാണ്. പുതിയ തരം സാങ്കേതിക വിദ്യയോട് എളുപ്പം ഇഴുകി ചേരുന്നവരാണ് 16 കാർ.

ലോകത്തു നടക്കുന്ന എല്ലാ കാര്യങ്ങളും ഞൊടിയിക്കുള്ളിൽ അറിയുകയും വ്യക്തമായ അഭിപ്രായ രൂപീകരണം നടത്തുവാൻ പതിനാറിലെത്തിയവർക്ക് സാധിക്കുന്നതാണ്. പഠനകാലത്തെ വൈബ് നിലനിർത്തി രാഷ്ട്രീയപ്രബുദ്ധത ഊട്ടിയുറപ്പിക്കാൻ 16 ലെത്തിയാൽ സാധിക്കുന്നതാണ് . വൈജ്ഞാനിക തലത്തിൽ വിമർശനാത്മ ചിന്ത16 വയസ്സ് ആകുമ്പോൾ ഭേദപ്പെട്ട നിലയിൽ എത്തും. തീരുമാനങ്ങൾ എടുക്കാൻ ഉള്ള പ്രതലം 16 വയസ്സിൽ എത്തുമ്പോൾ സാധിക്കുമെന്ന് ന്യൂറോസയൻസിലെ പഠനത്തിൽ തെളിഞ്ഞിട്ടുണ്ട് .

ജനാധിപത്യ പ്രക്രിയയിൽ അദൃശ്യരായവരാണ് വോട്ടവകാശ പ്രായത്തിന് താഴെയുള്ള പൌരന്മാർ. സാങ്കേതികവിദ്യ സ്വായത്തമാക്കി സോഷ്യൽ മീഡിയയിൽ നല്ല പരിജ്ഞാനം നേടിയവരായി 16 വയസ്സുകാർ ലോകത്ത് മാറിക്കഴിഞ്ഞതിന്റെ ദൃഷ്ടാന്തമായി ലോകത്തെ പല രാജ്യങ്ങളിലും നടന്ന ഓൺലൈൻ ആക്ടിവിസം കൊണ്ട് മനസ്സിലാക്കാവുന്നതാണ്.

**ഗുണങ്ങൾ:**

മനുഷ്യാവകാശത്തിലെ പ്രധാനപ്പെട്ട അവകാശമാണ് വോട്ടവകാശം. സർക്കാർ നടപ്പിലാക്കുന്ന നയങ്ങൾ യുവാക്കളുടെ ജീവിതത്തെ നേരിട്ട് ബാധിക്കുന്നതാണെങ്കിലും അവർക്ക് വോട്ട് നിശേധിക്കുന്നതിലൂടെ സമൂഹത്തിലെ ഭാവി വാഗ്ദാനങ്ങളുടെ ആശങ്കകളും ആവശ്യങ്ങളും അവഗണിക്കപെടുന്ന സാഹചര്യം സംജാതമാകുന്നു. കൂടുതൽ യുവാക്കൾ പങ്കെടുക്കുമ്പോൾ ജനാധിപത്യം ശക്തവും വൈവിധ്യപൂർണ്ണമാവു കുയാണ് ചെയ്യുന്നത് ആയതിനാൽ എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനം സ്വീകരിച്ചാൽ ആരോഗ്യകരമായ ജനാധിപത്യം സജീവമായി വളരുന്നതാണ്. വോട്ടിംങ് പ്രായം കുറക്കുന്നതിലൂടെ ജനാധിപത്യത്തിന്റെ ഭാവിയിലേക്കുള്ള നിക്ഷേപമാണ് നടക്കുക. തീരുമാനം എടുക്കുന്നവർ അദൃശ്യമായവരെ ദൃശ്യമാക്കുവാൻ പ്രതിജ്ഞ ബദ്ധരായിരിക്കണം. ഒരോ പൌരനും വോട്ടവകാശം വിനിയോഗിക്കുന്നത് രാജ്യത്തിന്റെ ജനാധിപത്യ പ്രക്രിയിൽ അത്യന്താപേക്ഷിതമാണ്. അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനും ഭരണാധികാരികളെ ചോദ്യം ചെയ്യാനുമുള്ള അവസരങ്ങൾ രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുവാനുള്ള തിരഞ്ഞെടുപ്പുകളിൽ കൂടുതൽ ചെറുപ്പക്കാർക്ക് ലഭിക്കേണ്ടതായിട്ടുണ്ട്. 1960 ന് ശേഷം ലോകത്ത് വോട്ടിംങ് ശതമാനം 10 % കുറയുന്നു എന്ന റിപ്പോർട്ടുകൾക്കിടയിൽ കൂടുതൽ പേരെ വോട്ടവകാശ പ്രക്രിയയിലേക്ക് കൊണ്ട് വരേണ്ടത് കാലഘട്ടത്തിന്റെ ആവിശ്യകതയാണ്. വോട്ടവകാശം പൌരന്റെ അടിസ്ഥാനപരമായ കടമയും അവകാശവും, ജനാധിപത്യത്തിന്റെ അടിത്തറയുമാണ്. ലോകത്തിൽ ഭരണാധികാരികളുടെ ശരാശരി പ്രായം 62 വയസ്സ് ആണെങ്കിലും ലോകത്തിൽ 40 വയസ്സിന് താഴെയുള്ള ഭരണാധികാരികളുടെ എണ്ണം വർദ്ധിക്കുന്ന കാലിക സാഹചര്യത്തിൽ, ആശയങ്ങളും പുതിയ കാഴ്ചപ്പാടുകൾ ഉള്ളവരും നിലവിലെ വ്യവസ്ഥിതിയെ ചോദ്യം ചെയ്യുന്ന യുവ വോട്ടർമാരുടെ കൂട്ടായ ശബ്ദം തിരഞ്ഞെടുപ്പ് വേളയിൽ മുഴങ്ങേണ്ടതായിട്ടുണ്ട്. നയപരമായ മുൻഗണനകളെ സ്വാധീനിക്കുവാൻ വോട്ടിംഗ് പ്രായം കുറയ്ക്കേണ്ടതായിട്ടുണ്ട്. വെല്ലുവിളികളെ അതിജീവിക്കുവാനും ജനാധിപത്യത്തെ സമ്പുഷ്ടമാക്കുവാനും കൂടുതൽ യുവാക്കളെ ജനാധിപത്യ പ്രക്രിയയിൽ സജീവമാക്കുവാൻ വോട്ടിംഗ് പ്രായം 16 ലേക്ക് എത്തിക്കുവാൻ ഭരണാധികാരികൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

## ആരോഗ്യം

# പപ്പായ ഇലയ്ക്കുമുണ്ട് ഗുണങ്ങളേറെ..



ഹൃദയാരോഗ്യത്തിനും, വൻകുടലിനും ഉദര സംബന്ധമായ ഒരു പാടു അസുഖങ്ങൾക്കും പപ്പായ ഇല ഏറെ അനുയോജ്യമാണ്. പോഷക സമ്പന്നമാണ് പപ്പായ ഇല. ഇതെക്കുറിച്ചു പലപ്പോഴും നാം പലരും അജ്ഞരുമാണ്. പോഷകസമ്പന്നമാണ് പപ്പായയിലയെന്നാണ് സത്യം. വിറ്റാമിൻ എ, സി, ഇ, കെ, ബി, കാത്സ്യം, മഗ്നീഷ്യം, സോഡിയം മഗ്നീഷ്യം, അയൺ എന്നിവയെല്ലാം പപ്പായയിൽ അടങ്ങിയിട്ടുണ്ട്. ആൻറി മലേറിയൽ ഘടകങ്ങളും അതിലടങ്ങിയിട്ടുണ്ട്. അതിനാൽ തന്നെ കഴിക്കുന്നത് ശരീരത്തിന് ഗുണകരമാണ്.കൂടാതെ ഇതിൽ അമിലേസ്, കൈമോപാപ്പെയ്ൻ, പ്രോട്ടിയേസ്, പാപ്പെയ്ൻ തുടങ്ങിയ പല ഘടകങ്ങളും നിലവിലുണ്ട്. ഇതുകൊണ്ടുതന്നെ ദഹനേന്ദ്രിയത്തിന് ഏറെ നല്ലതാണ്. രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ എണ്ണത്തിലുണ്ടാകുന്ന കുറവാണ് ഡെങ്കിപ്പനിയ്ക്ക് കാരണമാകുന്നത്. എന്നാൽ പപ്പായ ഇലയിൽ അടങ്ങിരിക്കുന്ന ചിമോപാപിൻ, പാപിൻ എന്നി രണ്ട് എൻസൈമുകൾ രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കാരണമാകുന്നതായി പരീക്ഷണത്തിൽ കണ്ടെത്തിയിരുന്നു.

ദഹനസംബന്ധമായ പ്രശ്നങ്ങൾക്ക്

ആസ്മ പോലുള്ള അസുഖങ്ങളെ പടിക്ക് പുറത്താക്കാനും പപ്പായ ഇലയ്ക്ക് കഴിവുണ്ടെന്ന് ശാസ്ത്രലോകം തെളിയിച്ചിട്ടുണ്ട്. അമിലേസ്, കൈമോപാപ്പെയ്ൻ, പ്രോട്ടിയേസ്, പാപ്പെയ്ൻ തുടങ്ങിയ പല ഘടകങ്ങൾ അടങ്ങിയിട്ടുള്ളതിനാൽ മലബന്ധം മുതൽ വയർ സംബന്ധമായ എല്ലാ അസുഖങ്ങൾക്കുംപപ്പായ ഇല നീര് പ്രതിവിധിയാണ്.ദഹനസംബന്ധമായ പ്രശ്നങ്ങൾക്ക് പലപ്പോഴും നമ്മളെല്ലാവരും അടിപ്പെട്ടിട്ടുണ്ടാകും . എന്നാൽ പപ്പായ ഇലയിൽ അടങ്ങിയിട്ടുള്ള കാർപ്പെയിൻ ദഹനസംബന്ധമായ പ്രശ്നങ്ങളെ ഇല്ലാതാക്കുന്നു. സ്ത്രീകളിലെ മാസമുറ സംബന്ധമായ പ്രശ്നങ്ങൾക്കുള്ള ഒരു പരിഹാരം കൂടിയാണിത്. ശരീരഭാഗങ്ങളിലുണ്ടാകുന്ന നീരും മറ്റും തടയാനും പപ്പായയില ജ്യൂസ് നല്ലതാണ്.

പപ്പായ ഇലയുടെ പ്രധാന ഗുണങ്ങൾ ഡെങ്കിപ്പനി കുറക്കുന്നു. ഈഡീസ് കൊതുകുകളാണ് ഡെങ്കിപ്പനി പടർത്തുന്നത്. ഇവ രക്തത്തിലെ പ്ലേറ്റ് ലറ്റിന്റെ എണ്ണം കുറയ്ക്കും. പനിയോടൊപ്പമുണ്ടാകുന്ന രക്തപ്രവാഹം രോഗികളെ പ്രത്യേകിച്ചും കുട്ടികളെ ഗുരുതരാവസ്ഥയിലെത്തിക്കുന്നു. ഡെങ്കി ബാധിച്ചാൽ കുട്ടികളിലും പ്രായമായവരിലും പല തരത്തിലുള്ള ലക്ഷണങ്ങളാണ് കാണിക്കുന്നത്. കുട്ടികളിൽ സാധാരണയായി ചെറിയ പനിയും ചർമത്തിൽ പാടുകളും കാണപ്പെടാം. എന്നാൽ പ്രായമായവരിൽ ഡെങ്കിപ്പനിയുടെ സുപ്രധാന ലക്ഷണങ്ങളായ ശക്തമായ പനി, ചർമത്തിൽ ചുമന്നു തടിച്ച പാടുകൾ, അസഹനീയമായ പേശിവേദന എന്നിവ കൂടുതലായി കാണാം. പപ്പായ ഇലയുടെ ജ്യൂസ് കഴിച്ചത് വഴി രോഗികളിലെ രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ എണ്ണം വർദ്ധിക്കുകയും അവർക്ക് ആരോഗ്യം വീണ്ടെടുക്കാനും കഴിഞ്ഞു. ഡെങ്കിപനി ബാധിതരായ രോഗിക്ക് ഓരോ ആറ് മണിക്കൂർ കൂടുമ്ബോഴും രണ്ട് ടേബിൾ സ്പൂൺ വീതം പപ്പായ ഇലയുടെ ജ്യൂസ് നൽകണം. ജ്യൂസ് ഉണ്ടാക്കാനായി പപ്പായയുടെ തളിരിലകൾ തന്നെ തെരഞ്ഞടുക്കേണ്ടതാണ്. ജപ്പാനിലേയും അമേരിക്കയിലേയും ചില ശാസ്ത്രജ്ഞൻമാർ പപ്പായ ഇലയിലെ എൻസൈമുകൾ കാൻസർ തടയുന്നതിനും സഹായിക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്.

രക്തത്തിലെ പ്ലേറ്റ്ലെറ്റിന്റെ എണ്ണം കൂട്ടാൻ ഏറെ നല്ലതാണ് പപ്പായ ജ്യൂസ്. ഇതുകൊണ്ടു തന്നെ ഡെങ്കിപ്പനി പോലുള്ളവ വരുന്നവർ ഇതു കഴിയ്ക്കുന്നത് പെട്ടെന്നു തന്നെ അസുഖം മാറാൻ സഹായിക്കും. പപ്പായ ഇലയും പൂവും ഡെങ്കിപ്പനിയെ പ്രതിരോധിയ്ക്കാൻ മുന്നിലാണ് എന്ന കാര്യം നമ്മൾ അറിഞ്ഞതാണ്. ഇലയിൽ കണ്ടെത്തിയ അസ്റ്റോജെനിൻ എന്ന സംയുക്തമാണ് മാരക രോഗങ്ങളായ മലേറിയയും ഡെങ്കിയും പ്രതിരോധിക്കുന്നത്.

ആര്യവേപ്പും മല്ലി ഇലയും തുളസിയും ചേർന്ന മിശ്രിതവും ഡെങ്കിപ്പനി കുറയ്ക്കാൻ സഹായിക്കുമെന്നും പറയുന്നു. രോഗപ്രതിരോധ ശേഷി കൂട്ടുന്നതിനും പപ്പായയും ഇലയും ഉത്തമമാണ്.

മലേറിയക്കുള്ള മരുന്നായി ഉപയോഗിക്കാം

വിറ്റാമിൻ എ, സി, ഇ, കെ, ബി, കാത്സ്യം, മഗ്നീഷ്യം, സോഡിയം മഗ്നീഷ്യം, അയൺ എന്നിവയെല്ലാം പപ്പായയിൽ അടങ്ങിയിട്ടുണ്ട്. ആൻറി മലേറിയൽ ഘടകങ്ങളും അതിലടങ്ങിയിട്ടുണ്ട് കൂടാതെ ഇതിലെ അസെറ്റോജെനിൻ എന്ന ഘടകം ഡെങ്കിപ്പനി, മലേറിയ എന്നിവ വരുന്നതു തടയുന്നത്. ശരീരത്തിന്റെ പ്രതിരോധശേഷി ശക്തിപ്പെടുത്തിയാണ് ഇത് സാധിയ്ക്കുന്നത്. ഡെങ്കുവും, മലേറിയയും തടയുമെന്ന് പറയപ്പെടുന്നുണ്ടെങ്കിലും ഇനിയും ശാസ്ത്രീയമായ ഒട്ടേറെ പരീക്ഷണങ്ങൾ നടക്കാനുണ്ട്.പപ്പായയിലയുടെ ജ്യൂസ് ലിവർ സംബന്ധമായ പ്രശ്നങ്ങൾ മാറ്റാൻ ഏറെ നല്ലതാണ്. ലിവർ സിറോസിസ്, ലിവർ ക്യാൻസർ, മഞ്ഞപ്പിത്തം തുടങ്ങിയവയകറ്റാൻ ഏറെ നല്ലത്. പപ്പായയുടെ ഇലയിൽ അടങ്ങിയിട്ടുള്ള ആകടോജെനിൻ എന്ന വസ്തു ക്യാൻസറിനെ പ്രതിരോധിയ്ക്കുന്നതിൽ മുന്നിലാണ്.

പപ്പായയുടെ ഇലയിൽ അടങ്ങിയിട്ടുള്ള ആകടോജെനിൻ എന്ന വസ്തു ക്യാൻസറിനെ പ്രതിരോധിയ്ക്കുന്നതിൽ മുന്നിലാണ്. പപ്പായ ഇല കൊണ്ട് ജ്യൂസ് ഉണ്ടാക്കി കാലത്ത് വെറും വയറ്റിൽ കഴിയ്ക്കുന്നത് എന്തുകൊണ്ടും നല്ലതാണ്. പപ്പായയുടെ ഇലയിൽ അടങ്ങിയിട്ടുള്ള ആകടോജെനിൻ എന്ന വസ്തു ക്യാൻസറിനെ പ്രതിരോധിയ്ക്കുന്നതിൽ മുന്നിലാണ്. പപ്പായ ഇല കൊണ്ട് ജ്യൂസ് ഉണ്ടാക്കി കാലത്ത് വെറും വയറ്റിൽ കഴിയ്ക്കുന്നത് എന്തുകൊണ്ടും നല്ലതാണ്.

പ്രമേഹരോഗികൾക്കും

പപ്പായ ഇല കൊണ്ട് ജ്യൂസ് ഉണ്ടാക്കി കാലത്ത് വെറും വയറ്റിൽ കഴിയ്ക്കുന്നത് എന്തുകൊണ്ടും നല്ലതാണ്. ഇതിൽ അമിലേസ്, കൈമോപാപ്പെയ്ൻ, പ്രോട്ടിയേസ്, പാപ്പെയ്ൻ തുടങ്ങിയ പല ഘടകങ്ങളും നിലവിലുണ്ട്. ഇതുകൊണ്ടുതന്നെ ദഹനേന്ദ്രിയത്തിന് ഏറെ നല്ലതാണ്. ഇതിലെ അസെറ്റോജെനിൻ എന്ന ഘടകം ക്യാൻസർ, ഡെങ്കിപ്പനി, മലേറിയ എന്നിവ വരുന്നതു തടയും. ശരീരത്തിന്റെ പ്രതിരോധശേഷി ശക്തിപ്പെടുത്തിയാണ് ഇത് സാധിയ്ക്കുന്നത്. സ്ത്രീകളിലെ മാസമുറസംബന്ധമായ പ്രശ്നങ്ങൾക്കുള്ള നല്ലൊരു പരിഹാരമാണിതു. ശരീര ഭാഗത്തുണ്ടാകുന്ന നീരും വീർമ്മതയുമെല്ലാം തടയാൻ പപ്പായ ഇലയുടെ ജൂസ് കുടിക്കുന്നതു നല്ലതാണ്.

## സ്പോർട്സ്



# ശ്രേയസ് ഇന്ത്യയിലേക്ക് എന്ന് തിരിച്ചുപോകും? പരിക്കിൽ നിർണായക അപ്ഡേറ്റുമായി സൂര്യകുമാർ യാദവ്





ഇന്ത്യയുടെ ഏകദിന ക്രിക്കറ്റ് ടീമിന്റെ വൈസ് ക്യാപ്റ്റൻ ശ്രേയസ് അയ്യരുടെ പരിക്കിനെ കുറിച്ചുള്ള നിർണായക അപ്ഡേറ്റുകൾ പുറത്തുവിട്ട് ഇന്ത്യൻ ടി20 ക്യാപ്റ്റൻ സൂര്യകുമാർ യാദവ്. ഓസ്ട്രേലിയയ്ക്കെതിരായ ടി20 പരമ്പരയിലെ ആദ്യ മത്സരത്തിന് മുൻപുള്ള വാർത്താസമ്മേളനത്തിൽ സംസാരിക്കവേയാണ് ശ്രേയസ് അയ്യരുടെ പരിക്കിനെ കുറിച്ച് സൂര്യകുമാർ പ്രതികരിച്ചത്. നിലവിൽ ശ്രേയസ് ഇന്ത്യയുടെ ടി20 ടീമിന്റെ ഭാഗമല്ല. എങ്കിലും കാൻബറയിലെ ഇന്ത്യൻ ടീം സിഡ്നിയിൽ ചികിത്സയിലുള്ള താരത്തിന്റെ ആരോഗ്യനിലയെ കുറിച്ച് സൂര്യ പ്രതീക്ഷയർപ്പിച്ചു.

ശ്രേയസ് അപകടനില തരണം ചെയ്തെന്നും മെസ്സേജുകൾക്കെല്ലാം മറുപടി അയയ്ക്കുന്നുണ്ടെന്നും ക്യാപ്റ്റൻ സൂര്യ പറഞ്ഞു. സിഡ്നിയിലെ ആശുപത്രിയിൽ ചികിത്സയിലുള്ള ശ്രേയസ് ഇന്ത്യയിലേക്ക് തിരിച്ചുപോവുന്നതിനെ കുറിച്ചും സൂര്യ മാധ്യമങ്ങളോട് പറഞ്ഞു.


'അയ്യരുടെ പരിക്കിനെക്കുറിച്ച് അറിഞ്ഞതും ഞാൻ ഞങ്ങളുടെ ഫിസിയോ കമലേഷ് ജെയിനിനെ വിളിച്ചിരുന്നു. ശ്രേയസ് ഇപ്പോൾ ഫോണിലൂടെ മറുപടി നൽകുന്നുണ്ട്. അതിനർത്ഥം അദ്ദേഹം ഇപ്പോൾ സ്റ്റേബിളാണെന്നാണ്. ഡോക്ടർമാർ അദ്ദേഹത്തോടൊപ്പം തന്നെയുണ്ട്. ശ്രേയസ് ആളുകളുമായി സംസാരിക്കുന്നുണ്ട്. അതുകൊണ്ട് സ്ഥിതി വളരെ മെച്ചപ്പെട്ടിട്ടുണ്ട്. എന്നാലും അടുത്ത കുറച്ച് ദിവസത്തേക്ക് അദ്ദേഹം നിരീക്ഷണത്തിലായിരിക്കും', സൂര്യകുമാർ പറഞ്ഞു.

'ശ്രേയസിന് സംഭവിച്ചത് നിർഭാഗ്യകരമായ സംഭവമാണ്. വളരെ അപൂർവമായാണ് ഇത്തരം അപകടങ്ങൾ സംഭവിക്കുക. എന്നാൽ ശ്രേയസ് അയ്യരെ പോലുള്ള അപൂർവ പ്രതിഭകൾക്ക് അപൂർവമായ കാര്യങ്ങൾ സംഭവിക്കുന്നു. ദൈവകൃപയാൽ ഇപ്പോൾ എല്ലാം ശരിയാണ്. പരമ്പരയ്ക്ക് ശേഷം ഞങ്ങൾ അദ്ദേഹത്തെ ഇന്ത്യയിലേക്ക് കൊണ്ടുപോകും', സൂര്യ കൂട്ടിച്ചേർത്തു.

## സംസ്ഥാന സ്കൂൾ കായികമേള; റെക്കോർഡ് ജേതാക്കളായ ദേവപ്രിയയേയും അതുലിനേയും സഞ്ജു സാംസൺ ഫൗണ്ടേഷൻ ഏറ്റെടുക്കും

തിരുവനന്തപുരം: സംസ്ഥാന സ്കൂൾ കായികമേള 2025ൽ റെക്കോർഡ് ജേതാക്കളായ ദേവപ്രിയയേയും അതുലിനേയും സംസ്ഥാന സഞ്ജു സാംസൺ ഫൗണ്ടേഷൻ ഏറ്റെടുക്കുമെന്ന് സ്കൂൾ കായികമേള 25 തിരുവനന്തപുരം ബ്രാൻഡ് അംബാസഡറായ സഞ്ജു സാസംസൺ അറിയിച്ചു. വിദ്യഭ്യാസ മന്ത്രി വി ശിവൻകുട്ടിയാണ് ഇക്കാര്യം അറിയിച്ചത്. കായികമേളയിൽ സബ് ജൂനിയർ ഗേൾസ് വിഭാഗത്തിൽ 100 മീറ്ററിൽ റെക്കോർഡ് നേടിയ സിഎച്ച്എസ് കാൽവരി മൗണ്ട് സ്കൂളിലെ ദേവപ്രിയ ഷൈബുവിനെയും 100 മീറ്ററിലും 200 മീറ്ററിലും റെക്കോർഡ് നേടിയ ചാരമംഗലം ഗവൺമെന്റ് ഡിവിഎച്ച്എസ്എസ് സ്കൂളിലെ അതുൽ ടി.എമ്മിനെയുമാണ് സഞ്ജു സാംസൺ ഫൗണ്ടേഷൻ ഏറ്റെടുക്കുക.

## കാഴ്ചക്കാരൻ




# പിഎംശ്രീ വല്ല്യേട്ടനോടുള്ള ഏറ്റുമുട്ടലായി മാറുമോ?

1964 ൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്ന് സിപിഐയും സിപിഎമ്മും രൂപീകരിക്കപ്പെട്ടകാലം മുതൽ തുടങ്ങിയതാണ് നയങ്ങളുടെയും തീരുമാനങ്ങളുടെയും കാര്യത്തിലുള്ള ഭിന്നതകൾ. ഇത്തരം നയഭിന്നതകൾ സിപിഐയെ കോൺഗ്രസ് മന്ത്രി സഭയിലും പങ്കാളികളാക്കുന്നതായി മാറ്റി. ചരിത്രത്തിന്റെ തനിയാവർത്തനമാണോ ഇപ്പോഴുണ്ടാവുന്നതെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റം പറയാനാകില്ല. കാര്യങ്ങൾ അത്രകണ്ട് വഷളായിട്ടുണ്ട്. പിഎം ശ്രീയിൽ ആരുമറിയാതെ മന്ത്രി ശിവൻകുട്ടി തലയിൽ മുണ്ടിട്ട് പോയി ഒപ്പിട്ടതിലൂടെ കുടുംബത്തിൽ കാലുമാറ്റമാണ് നടത്തിയതെന്നാണ് സഹോദരങ്ങളായ സിപിഐ മന്ത്രിമാർ വിലപിക്കുന്നത്. സംസ്ഥാനതലത്തിലെ വിലാപം അങ്ങ് ഡൽഹിയിലെ സിപിഐ ആസ്ഥാനത്തും അലയടിച്ചു. അതുകേട്ടാണ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി ഡി.രാജ കണ്ണുതുറന്നത്.




പാർട്ടിയുടെ രാജ്യത്തെ ശക്തിദുർഗമായ കേരളത്തിലെ തന്റെ അരുമ സഖാക്കൾക്ക് നീതികിട്ടിയില്ലെങ്കിൽ ഇനി അടങ്ങിയിരുന്നിട്ട് കാര്യമില്ല. നേരെ ഡൽഹിയിലുള്ള സിപിഎം ആസ്ഥാനമായ എകെജി സെന്ററിലേക്കാണ് വിളിപോയത്. സാർവ ദേശീയ – ദേശീയ സംഭവവികാസങ്ങൾ അവലോകനം ചെയ്ത് രാജ്യമാകെ പ്രവർത്തകരെ നയിക്കുന്ന അഖിലേന്ത്യാ സെക്രട്ടറി കാര്യമറിഞ്ഞിരുന്നില്ല. മോദി സർക്കാർ വർഗീയത പരത്തുന്നു, ഫെഡറലിസത്തെ തകർക്കുന്നു എന്നിത്യാദി കാര്യങ്ങൾ പ്രചരിപ്പിച്ച് നടക്കുമ്പോൾ കേരള പാർട്ടിയിലെ ചിലർ പാർട്ടി നയത്തിൽ കോടാലി വച്ചത് മൂപ്പരറിഞ്ഞിരുന്നില്ല. സംഭവം അറിഞ്ഞപാടെ ബേബി സഖാവ് പ്രശ്നത്തിലിടപെട്ടു. സാധാരണ അഖിലേന്ത്യാ നേതൃത്വം പറയുംപോലെ ഒരു കാച്ചങ്ങ് കാച്ചി. ഈ പ്രശ്നം പരിഹരിക്കാൻ ശേഷി കേരളാ പാർട്ടിക്കുണ്ടെന്ന്.ഇതിലൊന്നും തൃപ്തനാവാതെ ഡി.രാജ പാർട്ടി സംസ്ഥാനനേതൃത്വത്തിന് തീരുമാനമെടുക്കാൻ പൂർണസ്വാതന്ത്രം നൽകി തൽക്കാലം രംഗത്ത് നിന്ന് മാറി. തുടർന്നാണ് സാക്ഷാൽ മുഖ്യനും, സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും തമ്മിലുള്ള ചർച്ചയും പൊടിപൂരമായി അരങ്ങേറിയത്. ഇതിനിടയിൽ രസകരമായ മറ്റൊരു സംഭവമുണ്ടായി. പി.എം ശ്രീയിലെ വിവാദ നായകൻ മന്ത്രി ശിവൻകുട്ടി ഫയലുകളുമെടുത്ത് സി.പി.ഐ ആസ്ഥാനത്തേക്കോടി. തങ്ങളുടെ ഭവനത്തിൽ പരിഭ്രാന്തനായി കയറിവന്ന ഒരാളെന്ന നിലക്ക് ശിവൻകുട്ടിയെ കയറ്റിയിരുത്തി. തണുത്തവെള്ളമൊക്കെ കുടിപ്പിച്ചു. ശിവൻകുട്ടിയുടെ ആഗ്രഹ പ്രകാരം ഒരു സെൽഫിയുമെടുത്തു.

കമ്മ്യൂണിസ്റ്റ് ഐക്യവും ഇടതുമുന്നണി മന്ത്രിസഭയുടെ ഉറപ്പും ശക്തിപ്പെടുത്തിയെന്ന വിശ്വാസത്തിലാണ് ശിവൻകുട്ടി വണ്ടികയറിയത്. പക്ഷേ വഞ്ചി തിരുനക്കരതന്നെ. മുഖ്യനും ബിനോയ് വിശ്വവും തമ്മിൽ നടന്ന ചർച്ചയും തീരുമാനത്തിലെത്തിയില്ല.

നമ്മുടെ കമ്മ്യൂണിസ്റ്റ്കാർ വർഗ വഞ്ചന ആര് ചെയ്താലും പൊറുത്ത് കൊടുക്കാറില്ല. മോദിയുമായി ഭായ് ഭായ് പറയുന്നവർ കമ്മ്യൂണിസ്റ്റ്കളലെന്ന മുറുമുറുപ്പ് എംഎൻ സ്മാരകത്തിൽ നിന്നുയരുന്നുണ്ട്. അത് വലിയ പ്രതിഷേധക്കൊടുങ്കാറ്റായി എകെജി സെന്ററിനെ ആടിയുലക്കുമോ എന്നാണ് പൊളിറ്റിക്കൽ കണ്ണടയുമായി നടക്കുന്ന ന്യൂജൻ കാഴ്ചക്കാർ ആലോചിക്കുന്നത്.

## കോളേജ്, ഹയർസെക്കൻഡറി, ഹൈസ്കൂൾ വിദ്യാർഥികൾക്ക് ചെറുകഥ, കവിത മത്സരം

കോഴിക്കോട്: പീപ്പിൾസ് റിവ്യൂ പബ്ലിക്കേഷൻസിന്റെ 18ാം വാർഷികത്തോടനുബന്ധിച്ച് കോളേജ്, ഹയർസെക്കൻഡറി, ഹൈസ്കൂൾ വിദ്യാർഥികൾക്ക് ചെറുകഥ, കവിത മത്സരം നടത്തും. ചെറുകഥ നാല് ഫുൾസ്കാപ്പ് പേജിലും കവിത രണ്ട് ഫുൾസ്കാപ്പ് പേജിലും അധികരിക്കരുത്. ആദ്യ മൂന്ന് സ്ഥാനക്കാർക്ക് പീപ്പിൾസ് റിവ്യൂവിന്റെ സാഹിത്യപുരസ്കാരവും സർട്ടിഫിക്കറ്റും സമ്മാനിക്കും.

രചനയോടൊപ്പം ക്ലാസ് ടീച്ചറുടെ സാക്ഷ്യ പത്രവും ഫോട്ടോയും മേൽവിലാസവും മൊബൈൽ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. രചനകൾ ഡിസംബർ 5നകം എഡിറ്റർ, പീപ്പിൾസ് റിവ്യു, ലിൻവുഡ് പൊറ്റങ്ങാടി രാഘവൻ റോഡ്, പിഒ വെസ്റ്റ് നടക്കാവ്, കോഴിക്കോട് 673011 എന്നവിലാസത്തിൽ അയക്കേണ്ടതാണ്.

ഡിസംബർ അവസാനം കോഴിക്കോട് നടക്കുന്ന വാർഷികോഘോഷ പരിപാടിയിൽ വച്ച് പുരസ്കാരം സമ്മാനിക്കും. വിശദ വിവരങ്ങൾക്ക് 9400919971,9037319971 എന്നീനമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്

## കവിത

**വിജയൻ എരമല്ലൂർ**

### 'കൈലാസം'

കണ്ടുകണ്മുനക്കുമ്പുകമ്പളക്കാറുമൂടിയ കാഴ്ചകൾ
കണ്ടു സംഭകർക്കിണ്ടലേകുന്നതണ്ടലർരിപു സന്നിധി!

കണ്ടുമടങ്ങാൻ കൊതച്ചു ഞാൻ വീണ്ടുമാ –
ദണ്ഡധരാലയസന്നിധിസുന്ദരം
മെണ്മയിൽ മുങ്ങിക്കുളിച്ചു കൊണ്ടങ്ങിനെ
വിണ്ണിന്നഴകു വിരിയുന്ന സന്നിധി!

കണ്മണിക്കമ്മ മുകരുന്ന പോലുമ്മ
നൽകാൻ കുതിച്ചവിടെത്തും പ്രകൃതിയും !
വർണ്ണവിരിപ്പിൽ കുളിച്ചു നഭസ്ഥലം
കർണ്ണികാരാവൃതമാകുന്ന വിസ്മയം!

സിന്ദൂരരേഖാകലാവൃതമാം പിന്നെ
താരഹാരാവലി മിന്നുന്ന പോലെയും
നീലിമ ചാലിച്ചു മായുന്ന വാനിലായ്
മിന്നൽക്കൊടിപോൽ വളരും ശബളിമ !

വിണ്ടലർച്ചെണ്ടിൽ തുടിക്കും മലരിലെ
കണ്ടാൽ കുളിരുന്ന വർണ്ണരാജീവതം
പൂർണ്ണമായ് വിണ്ണിന്നഴകു വിരിയുന്ന
വർണ്ണവിരിപ്പാൽ വിരചിത വിസ്മയം!

ചുററുംമതിലു പണിതു മലകളാൽ
മുറ്റിത്തടിച്ചുസുരക്ഷയാലങ്ങനെ
ഒറ്റയ്ക്കൊരത്ഭുതസ്ഥൂപമായ് മിന്നുന്നു
അറ്റംവിഹായസ്സിലൂന്നി ശിവാലയം!

നിസ്തുലമസ്ഥൂലദണ്ഡുപോൽ കൈലാസ
വിസ്തൃതി തൻ നില കണ്ടാൽ മതി വരാ
കണ്ണിന്നുകർപ്പൂരമേകുന്നൊരംബരം
പെണ്ണീറു പോലെയും കാണുമാറാക്കുന്നു!

കർപ്പൂരധൂളീവലയിതഭംഗിയിൽ
മിന്നിക്കുളിച്ചു ലസിക്കും മലകളിൽ
തെന്നിച്ചരിച്ചുതെറിച്ചു ചിതറിയ
വെള്ളിപ്പുടവ ചൂടുന്ന പൂംരസമികൾ !

പാരിടംവിട്ടിങ്ങുക്ഷീര പയോധിനി
പാരാതെ വാരിക്കുമിഞ്ഞ പോലങ്ങനെ
പ്രചരന്ന സൗഭഗപ്പൂമുഖ പ്പൊൻകണി
വിശ്ചിന്നമാകുന്ന സമ്മോഹ സന്നിധി!

സുന്ദര സൈന്ധവ സംസ്കാര സൈകതം
സിന്ദൂര പൂരമായ് പെയ്തോരു സന്നിധി
കൗസ്തുഭവൈഡൂര്യ വജ്രമണികളാൽ
വിസ്ഫോടനം ചെയ്ത സുന്ദര വേളയോ?

വാസ്തവം വസ്തുതാ വർണ്ണനയ്ക്കൊന്നുമേ
വിഭ്രമക്കാഴ്ചതൻ ഉത്തരം കിട്ടിടാ
അത്രയ്ക്കനഘമനാഘാതസൂനമായ്
പൊങ്ങിനിന്നീടുന്ന കൈലാസ സന്നിധി!




*മാഹി പൂഴിത്തല അതിർത്തിയിൽ പൊതുമരാമത്ത് വകുപ്പ് അധികൃതർ സ്ഥാപിച്ച ഇരട്ട ബോർഡ്. ബൈപാസിലടക്കം ദിശാ ബോർഡുകൾ സ്ഥാപിക്കാൻ കൂട്ടാക്കാത്തവരാണ് ഇങ്ങനെ വലിയ ബോർഡിന് മുന്നിലായി ചെറിയ ബോർഡ് കൂടി സ്ഥാപിച്ചത്.*



*ദേശ ശബ്ദം പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ പ്രകാശന ചടങ്ങിൽ മാഹി നഗരസഭാ മുൻ കമ്മീഷണറും, ഭാരതദേശം എഡിറ്ററുമായ എ.ഗംഗാധരനെ ഡോ: എം.പി. പത്മനാഭൻ ഉപഹാരം നൽകി ആദരിക്കുന്നു*

## പൂതക്കുളം സ്കൂളിൽ കലോത്സവത്തിനിടെ പന്തൽ തകർന്നുവീണു; വിദ്യാർഥികൾക്കും അധ്യാപകർക്കും പരുക്ക്

കൊല്ലം: പൂതക്കുളം ഗവ. എച്ച്എസ്എസിൽ കലോത്സവം നടക്കുന്നതിനിടെ പന്തൽ തകർന്നുവീണു വിദ്യാർഥികൾക്കും അധ്യാപകർക്കും പരുക്ക്. കനത്ത മഴയിലും കാറ്റിലുമാണ് പന്തൽ തകർന്നുവീണത്. വിദ്യാർഥികളും അധ്യാപകരും ഓടി രക്ഷപ്പെടുകയായിരുന്നു. അധ്യാപികമാരായ രശ്മി (40), നബില (32) വിദ്യാർഥികളായ അഭിരാം (14) മിലൻ സുധീർ (13) എന്നിവർക്കാമ് പരുക്കേറ്റത്. ഇവരെ പാരിപ്പള്ളി മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു.

അധ്യാപകരുടെ തലയ്ക്ക് തുന്നലുണ്ട്. നിസാര പരുക്കേറ്റ വിദ്യാർഥികൾ നിരീക്ഷണത്തിലാണ്. പിടിഎ പ്രസിഡന്റ് സംസാരിക്കുന്നതിനിടെയാണ് പന്തൽ തകർന്നുവീണത്. പന്തലിന്റെ ഒരു ഭാഗം ചരിയുകയായിരുന്നു. ഇന്ന് കലോത്സവത്തിന്റെ ഉദ്ഘാടന ദിവസമായിരുന്നു.




*തനിമ കലാസാഹിത്യവേദിസംഘടിപ്പിച്ച ചാപ്റ്റർ ഭാരവാഹി സംഗമം' പുറപ്പാട്'ജില്ല രക്ഷാധികാരി ഫൈസൽ പൈങ്ങോട്ടായി ഉദ്ഘാടനം ചെയ്യുന്നു*

## വിദ്വേഷ ഭാഷണത്തിനെതിരായ പ്രതിരോധം കലയിലൂടെ ഉയർന്ന് വരണം: തനിമ കലാ സാഹിത്യ വേദി

കൊടുവള്ളി: വിദ്വേഷ ഭാഷണത്തിനെതിരായ പ്രതിരോധം കലയിയുടെ ഉയർന്ന് വരണമെന്ന് തനിമകലാ സാഹിത്യ വേദിസംഘടിപ്പിച്ച ചാപ്റ്റർ ഭാരവാഹി സംഗമം' പുറപ്പാട്'അഭിപ്രായപ്പെട്ടു.വിദ്വേഷഭാഷണം,വംശീയഅധിക്ഷേപങ്ങൾ, സാംസ്കാരികമായ താഴ്ത്തിക്കെട്ടലുകൾ എന്നിവ വർധിക്കുന്നത് ഒരു പ്രധാന ആശങ്കയായി മാറിയിരിക്കുന്നു. ഇത്തരത്തിലുള്ള സംഭാഷണങ്ങൾ ഒരു വിഭാഗം ആളുകളെ ഒറ്റപ്പെടുത്തുകയും, സാമൂഹിക സൗഹൃദം തകർക്കുകയും ചെയ്യുന്ന സാംസ്കാരിക ജീർണ്ണതയുടെ സൂചനയാണ്.തനിമ ജില്ല രക്ഷാധികാരി ഫൈസൽ പൈങ്ങോട്ടായ് ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് സി.എ.കരീം അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഫൈസൽ കൊച്ചി മുഖ്യപ്രഭാഷണവും , ജനുവരിയിൽ നടക്കുന്ന ജില്ലാ സമ്മേളന പ്രഖ്യാപനവും നടത്തി. ശിഹാബുദ്ധീൻ ഇബ്നു ഹംസ, സംസ്ഥാന സെക്രട്ടറിമാരായ സലീം കുരിക്കളകത്ത്, ബാബു സൽമാൻ തുടങ്ങിയവർ സംസാരിച്ചു. ജില്ല ജനറൽ സെക്രട്ടറി അഷ്റഫ് വാവാട് സ്വാഗതവും വൈസ് പ്രസിഡൻറ് വിദ്യ വിജയൻ നന്ദിയും പറഞ്ഞു.

# പക്ഷാഘാതചികിത്സയിൽ മറ്റു സംസ്ഥാനങ്ങൾക്ക് കേരളം ഒരു മാതൃകയെന്ന്

കോഴിക്കോട് :പക്ഷാഘാത (സ്ട്രോക്ക്) ചികിത്സയിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് കേരളം ഒരു മാതൃകയാണെന്ന് പ്രമുഖ ന്യൂറോ ഇന്റർവെൻസ നിസ് റ്റും സ്വിറ്റ്സർലാന്റ് യൂണിവേഴ്സിറ്റി ഹോസ്പിറ്റൽ മുൻ ഡെപ്യൂട്ടി ഹെഡുമായിരുന്ന ഡോ. സാക്കീർ ഹുസൈൻ പറഞ്ഞു. സ്ട്രോക്ക് ആന്റ് ന്യൂറോ ഇന്റർവെൻഷൻ ഫൗണ്ടേഷൻ (സ്നിഫ് ) ആറാമത് വാർഷിക കോൺഫെറൻസ്, പതിനാലാമത് കേരള ഇന്റർവെൻഷൻ ന്യൂറോളജി കോൺഫെറൻസിൽ(കിൻകോൻ), മുഖ്യപ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം.




*പതിനാലാമത് കേരള ഇന്റർവെൻസൻ ന്യൂറോളജി കോൺഫെറൻസ് ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ സി.ഇ.ഒ ആനന്ദ് മോഹൻ പൈ ഉദ്ഘാടനം ചെയ്യുന്നു*

ഏറെ അനുകൂല സാഹചര്യമുള്ള കേരളത്തിൽ ഒരു അന്തർദേശീയ നിലവാരത്തിലുള്ള ഇന്റർവെൻസനൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനുള്ള പരിശ്രമങ്ങൾ ഇവിടത്തെ വൈദ്യശാസ്ത്ര രംഗത്തു നിന്നുള്ളവരുടെ ഭാഗത്തു നിന്നുണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.സമ്മേളനം ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ സി.ഇ. ഒ ഡോ. ആനന്ത് മോഹൻ പൈ ഉദ്ഘാടനം ചെയ്തു.ഡോ. സാൾട്ട് കുൾച്ചർ (സ്വിറ്റ്സർലാന്റ്),ഡോ. വസീം അസീസ് (അബൂദാബി), ഡോ. അമൽ അൽ ഹശ്മി(ഒമാൻ), ഡോ. കെ.എ. സലാം (ബി എം.എച്ച് കോഴിക്കോട്) കിൻകോൻഓർഗനൈസിംഗ് സെക്രട്ടറി ഡോ. മൊയ്നുൽ ഹഖ് ,ഡോ. സജിത്ത് സുകുമാരൻ (ശ്രീചിത്ര, തിരുവനന്തപുരം), ഡോ. ശ്രീജിത്തേഷ് (നിംഹാൻസ്, ബംഗളൂരു), ഡോ. രാജീവ് എം.പി (റിട്ട. കോഴിക്കോട് മെഡിക്കൽ കോളജ്), ഡോ. സോമനാഥ് പ്രസാദ് ജെന, ഡോ. ഗൗതം എസ്.പി (വിംസ്, സേലം), ഡോ. തൃലോചന ശ്രീവാസ്തവ (എസ്.എം. എസ് ജെയ്പൂർ), ഡോ. ജേക്കബ് ആലപ്പാട്ട് (ആസ്റ്റർ മിംസ്, കോഴിക്കോട്) എന്നിവർ വിവിധ സെഷനുകളിൽ പേപ്പറുകൾ അവതരിപ്പിച്ചു. ഡോ. മൊയ്നുൽ ഹഖ് സ്വാഗതവും ഡോ. ആനന്ദ് ആർ വാര്യർ നന്ദിയും പറഞ്ഞു.

## അറിയിപ്പുകൾ

### ക്വട്ടേഷൻ ക്ഷണിച്ചു

ജില്ലാ പഞ്ചായത്ത് കെട്ടിടത്തിന് പിറക്വശത്തെ പുതുക്കിപ്പണിത കാന്റീൻ നടത്തുന്നതിനും ജീവനക്കാർക്ക് പ്രഭാത ഭക്ഷണം, ഊൺ, ചായ എന്നിവ വിതരണം ചെയ്യുന്നതിനുമായി ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ലഭിക്കുന്നവർ കാന്റീൻ വിപുലപ്പെടുത്തുന്നതിന് കെട്ടിടത്തോട് ചേർന്ന് പി.ഡബ്ലിയു.ഡി അളന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് താൽക്കാലികമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം. ക്വട്ടേഷൻ നവംബർ മൂന്നിന് വൈകീട്ട് മൂന്ന് വരെ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ കാര്യാലയത്തിൽ സ്വീകരിക്കും.

### വിദ്യാർഥികൾക്ക് ക്വിസ് മത്സരം

സ്കൂൾ വിദ്യാർഥികൾക്കിടയിൽ നടത്തുന്ന ആരോഗ്യ ബോധവത്കരണ പരിപാടികളുടെ ഭാഗമായി അമീബിക് മസ്തിഷ്കജ്വരം, മഞ്ഞപ്പിത്തം എന്നീ വിഷയങ്ങളിൽ ജില്ലയിലെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിക്കും. നവംബർ 17ന് കോഴിക്കോട് ബീച്ചിന് സമീപത്തെ ഗവ. നഴ്സിങ് സ്കൂളിൽ രാവിലെ 10നാണ് മത്സരം. ഒരു സ്കൂളിൽനിന്ന് രണ്ട് വിദ്യാർഥികളടങ്ങിയ രണ്ട് ടീമിന് പങ്കെടുക്കാം. ഹൈസ്കൂൾ/ഹയർ സെക്കൻഡറി വിഭാഗം വിദ്യാർഥികൾക്ക് പ്രത്യേക മത്സരങ്ങൾ ഉണ്ടാകും. താൽപര്യമുള്ളവർ https://forms.gle/e6rmJ5nx41PHjGjz7 ലിങ്കിൽ രജിസ്റ്റർ ചെയ്യണം. വിജയികൾക്ക് ക്യാഷ് പ്രൈസ് സമ്മാനിക്കും. ഫോൺ: 9745275657, 8921580446.

### മേക്കപ്പ് ആൻഡ് ബ്യൂട്ടീഷ്യൻ വർക് ഷോപ്പ്

സംസ്ഥാന തൊഴിൽ നൈപുണ്യ വകുപ്പിന് കീഴിലുള്ള കോഴിക്കോട് പാളയത്തെ ജില്ലാ നൈപുണ്യ വികസന കേന്ദ്രത്തിൽ സൗജന്യ മേക്കപ്പ് ആൻഡ് ബ്യൂട്ടീഷ്യൻ വർക്ഷോപ്പ് സംഘടിപ്പിക്കും. https://forms.gle/UswDtjTAvqqfavrZ7 എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യണം. ഫോൺ: 9188925509.

### ന്യൂനപക്ഷ കമീഷൻ സിറ്റിങ്

സംസ്ഥാന ന്യൂനപക്ഷ കമീഷൻ സിറ്റിങ് ഒക്ടോബർ 29ന് രാവിലെ 11 മുതൽ കോഴിക്കോട് പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടക്കും.

### വാർഡ് അസിസ്റ്റന്റ് നിയമനം

കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃ-ശിശു സംരക്ഷണ കേന്ദ്രം കെ.എ.എസ്.പിക്ക് കീഴിൽ വാർഡുകളിൽ ശുചീകരണ പ്രവർത്തനത്തിനായി 89 ദിവസത്തേക്ക് വാർഡ് അസിസ്റ്റന്റുമാരെ നിയമിക്കും. 30 ഒഴിവുകളിലേക്കാണ് നിയമനം. 58 വയസ്സിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാം. കൂടിക്കാഴ്ച നവംബർ മൂന്നിന് രാവിലെ 11ന് മാതൃ-ശിശു സംരക്ഷണ കേന്ദ്രം ഓഫീസിൽ നടക്കും. തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, എംപ്ലോയ്മെന്റ് കാർഡ്, സന്നദ്ധ സംഘടനകളിൽ അംഗമാണെന്ന് തെളിയിക്കുന്ന രേഖകൾ എന്നിവയുമായി എത്തണം. ഫോൺ: 0495 2350475.

### ബ്യൂട്ടീഷ്യൻ പരിശീലനം

കോഴിക്കോട് മാത്തറയിലെ കനറാ ബാങ്ക് ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ (കനറാ ബാങ്ക് ആർസെറ്റി) 35 ദിവസത്തെ സൗജന്യ ബ്യൂട്ടീഷ്യൻ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രായപരിധി: 18-45. അവസാന തീയതി: നവംബർ നാല്. ഫോൺ: 9447276470.

പീപ്പിൾസ് റിവ്യൂ
Estd : 2007
സത്യാന്ന പ്രമദിതവ്യം
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

ദിനപത്രത്തിലും, ഓൺലൈൻ പോർട്ടലിലും, യൂട്യൂബിലും പരസ്യം നൽകാൻ വിളിക്കുക

PH:9037319971, 0495 2769086

വസ്തു പ്രമാണം, സർട്ടിഫിക്കറ്റുകൾ, മറ്റു രേഖകൾ, പേരുമാറ്റം തുടങ്ങിയ ക്ലാസിഫൈഡ്സ് പരസ്യങ്ങൾ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കുന്നതാണ്.

OFFICE ADDRESS: Lynwood (H) Pottangadi Raghavan Road,
Opp. HP Petrol Pump, West Nadakkavu,
Calicut - 673011, Email: peoplesreviewdaily@gmail.com,

യൂട്യൂബ് ചാനൽ
https://www.youtube.com/channel/

ഓൺലൈൻ പോർട്ടൽ
www.peoplesreview.co.in

പീപ്പിൾസ് റിവ്യൂ PUBLICATIONS

# കോഴിക്കോട് ആസ്റ്റർ മിംസിൽ പ്രിവന്റീവ് കാൻസർ ക്ലിനിക് ആരംഭിച്ചു




കോഴിക്കോട്: കാൻസർ രോഗം മുൻകൂട്ടി കണ്ടെത്താനും അവയ്ക്കെതിരെയുള്ള പ്രതിരോധ നടപടികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിനും, ശരിയായ ചികിത്സ എത്രയും പെട്ടന്ന് സാധ്യമാക്കുന്നതിനും വേണ്ടി കോഴിക്കോട് ആസ്റ്റർ മിംസിൽ പ്രിവന്റീവ് കാൻസർ ക്ലിനിക്' പ്രവർത്തനമാരംഭിച്ചു.ക്ലിനിക്കിന്റെയും, സ്ത്രീകളിലെ കാൻസർ,പ്രത്യേകിച്ച് സ്തനാർബുദത്തിനെതിരെ മുൻകാലങ്ങളിൽ ആസ്റ്റർ മിംസ് വിജയകരമായി പൂർത്തിയാക്കിയ 'ടവല ഇമി ' കാമ്പയിന്റെ രണ്ടാം ഘട്ടത്തിന്റെ (ടവല ഇമി 2.0) ഉദ്ഘാടനവും സിനിമാതാരം അപർണ്ണ ബാലമുരളി നിർവ്വഹിച്ചു. ജീവിതശൈലിയിലെ മാറ്റങ്ങൾ, സ്ക്രീനിംഗ് എന്നിവ പോലുള്ള നടപടികളിലൂടെ കാൻസർ വികസിക്കുന്നത് തടയുന്നതിനോ നേരത്തെ കണ്ടെത്തുന്നതിലോ ആണ് പ്രിവന്റീവ് ഓങ്കോളജി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇതിൽ പ്രാഥമിക പ്രതിരോധം (ആരോഗ്യകരമായ ശീലങ്ങളിലൂടെയും വാക്സിനേഷനുകളിലൂടെയും അപകടസാധ്യത കുറയ്ക്കൽ), ദ്വിതീയ പ്രതിരോധം (മാമോഗ്രാമുകൾ, പാപ് സ്മിയറുകൾ പോലുള്ള സ്ക്രീനിംഗുകൾ വഴി നേരത്തെ കണ്ടെത്തൽ), തൃതീയ പ്രതിരോധം (കാൻസറിന്റെ പുരോഗതി തടയുന്നത് കൈകാര്യം ചെയ്യൽ) എന്നിവ ഉൾപ്പെടുന്നുണ്ടെന്ന് മെഡിക്കൽ ഓങ്കോളജി വിഭാഗം മേധാവി ഡോ. കെവി ഗംഗാധരൻ പറഞ്ഞു. പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കിൽ ഡോക്ടർ കൺസൽട്ടേഷൻ സൗജന്യവും മാമോഗ്രാമുകൾക്ക് 50% ഡിസ്കൗണ്ടും ലഭ്യമാണെന്ന് സിഇഒ ലുഖ്മാൻ പൊന്മാടത്ത് പറഞ്ഞു. ചടങ്ങിൽ ഡോ.സലിം വിപി, ഡോ.സജിത്ത് ബാബു, ഡോ.അരുൺ ചന്ദ്രശേഖരൻ, ഡോ. സദീഷ് പത്മനാഭൻ, ഡോ.ഫഹീം അബ്ദുള്ള, ഡോ. അബ്ദുള്ള കെപി, ഡോ.അബ്ദുൽ മാലിക്ക്, ഡോ. മിഹിർ മോഹൻ,ഡോ.കേശവൻ, ഡോ.സജ്ന കെടി , ഡോ.ശ്വേത പി തുടങ്ങിയവർ പങ്കെടുത്തു.



ദേവനന്ദ, കെപിസിഎം ശ്രീനാരായണ വിദ്യാലയം മലബാർ സഹോദയ സിബിഎസ്ഇ ഡിസ്ട്രിക്ട് കലോത്സവത്തിൽ ഭരതനാട്യം കാറ്റഗറി 2 ൽ എ ഗ്രേഡും രണ്ടാം സ്ഥാനവും.




ദേവതീർത്ഥ, കാറ്റഗറി 2 ഭരതനാട്യം, കെപിസിഎം ശ്രീനാരായണ വിദ്യാലയം ചെത്തുകടവ് മലബാർ സഹോദയ സിബിഎസ്ഇ ഡിസ്ട്രിക്ട് കലോത്സവം.

# തൊഴിൽ സുരക്ഷ ഉറപ്പുവരുത്താനുള്ള ബാധ്യത നഗരസഭയ്ക്കുണ്ട് വി എ നാരായണൻ



കോഴിക്കോട് ; തലശ്ശേരി വഴിയോരക്കച്ചവട സംരക്ഷണ നിയമം അനുസരിച്ച് തൊഴിൽ സുരക്ഷ ഉറപ്പുവരുത്താനുള്ള ബാധ്യത നഗരസഭയ്ക്ക് ഉണ്ടെന്നും ഇതിനെതിരെ നിലപാട് സ്വീകരിച്ചാൽ പ്രതികരിക്കുമെന്നും കെ. പി. സി . സി ഖജാൻജി വി. എ നാരായണൻ മുന്നറിയിപ്പുനൽകി. നാഷണൽ പുട്പാത്ത് ഉന്തുവണ്ടി പെട്ടിക്കച്ചവട തൊഴിലാളി യൂണിയൻ(ഐ. എൻ. ടി.യു സി) സംഘടിപ്പിച്ച പ്രതിഷേധ സമരം പഴയ ബസ് സ്റ്റാന്റിൽ ഉദ്ഘാടനം ചെ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. യൂണിയൻ പ്രസിഡണ്ട് എം. നസീർ അധ്യക്ഷത വഹിച്ചു. ഐ. എൻ. ടി. യു. സി സംസ്ഥാന സെക്രട്ടറി പി. ജനാർദ്ദനൻ, ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡണ്ട് എം. പി അരവിന്ദാക്ഷൻ, യു. ഡി. എഫ് നഗരസഭ കൗൺസിലർമാരായ ഫൈസൽ പുനത്തിൽ, റാഷിദ ടീച്ചർ, പി. കെ സോന, എൻ മോഹനൻ, കോൺഗ്രസ് നേതാക്കളായ അനസ് ചാലിൽ, എ. ഷർമ്മിള, എൻ. കെ രാജീവ്, യു. കെ സിയാദ്, കെ. രമേശൻ, യൂത്ത് ലീഗ് ടൗൺ കമ്മിറ്റി പ്രസിഡണ്ട് റമീസ് നരസിംഹ, യൂണിയൻ നേതാക്കളായ സി. പ്രകാശൻ ജോജോ തോമസ് എന്നിവർ പ്രസംഗിച്ചു.

# ജില്ലാമീറ്റിൽ പരാജയപ്പെട്ട വിദ്യാർത്ഥിനി സംസ്ഥാന മീറ്റിൽ സീനിയർ ഹൈജമ്പിൽ മത്സരിച്ചു; അനധികൃത എൻട്രിയെന്ന് പരാതി

തിരുവനന്തപുരം: സംസ്ഥാന സ്കൂൾ കായികമേളയിൽ അനധികൃത എൻട്രിയെന്ന് ആരോപണം. സീനിയർ പെൺകുട്ടികളുടെ ഹൈജമ്പ് വിഭാഗത്തിലാണ് വിദ്യാർത്ഥിനി അനധികൃതമായി മത്സരിച്ചെന്ന പരാതി ഉയർന്നത്. മലപ്പുറം ജില്ലാ മീറ്റിൽ അവസാന സ്ഥാനത്ത് എത്തിയ കുട്ടിയെ സംസ്ഥാന മീറ്റിൽ മത്സരിപ്പിച്ചുവെന്നാണ് പരാതി. മത്സരഫലത്തിൽ കൃത്രിമം കാണിച്ചാണ് കുട്ടിയെ പങ്കെടുപ്പിച്ചതെന്നും ആരോപണം ഉയർന്നു. മലപ്പുറം ഐഡിയൽ സ്കൂളിന്റെ താരമായ കുട്ടി സംസ്ഥാന മീറ്റിൽ വെങ്കലം നേടിയിരുന്നു. ഇതോടെ സ്കൂളിനെതിരെ പരാതിയുമായി അധ്യാപകർ രംഗത്തെത്തി. മലപ്പുറം ഡിഡിഇക്ക് ഔദ്യോഗികമായി പരാതി നൽകിയിട്ടുണ്ട്. വിദ്യാർത്ഥിനിയുടേത് അനധികൃത എൻട്രിയാണെന്ന് സഹതാരവും ആരോപിച്ചു.

എന്നാൽ ആരോപണ വിധേയയായ വിദ്യാർത്ഥിനി മലപ്പുറം ജില്ലാ മീറ്റിൽ പുറത്തായിരുന്നുവെന്ന് ഐഡിയൽ കടകശേരി സ്കൂളിലെ കായിക അധ്യാപകൻ ഷാഫി റിപ്പോർട്ടറിനോട് തുറന്നു സമ്മതിച്ചു. നടന്നത് കൃത്രിമമല്ലെന്നും മലപ്പുറം ജില്ലയിൽ മീറ്റ് നടന്നത് വളരെ ദയനീയ അവസ്ഥയിലായിരുന്നുവെന്നും അധ്യാപകൻ പറഞ്ഞു. ജില്ലാ മത്സരത്തിനിടെ കുട്ടി പല തവണ ഒഫിഷ്യൽസിനോട് ജമ്പ് ചെയ്യാൻ പറ്റുന്നില്ലെന്നും ക്രോസ്ബാർ കാണുന്നില്ലെന്നും പറഞ്ഞിരുന്നു. എന്നാൽ ഒഫിഷ്യൽസിന് അത് മാറ്റാനോ പരിഹാരം കാണാനോ സാധിച്ചില്ല. കുട്ടി തട്ടി വീണു. ഒരുമിച്ച് മത്സരത്തിനുണ്ടായിരുന്ന മേലാറ്റൂർ സ്കൂളിലെ വിദ്യാർത്ഥിനിയുമായി സംസാരിച്ച് ഇരുവരും എടുത്ത തീരുമാനമാണിതെന്നും അധ്യാപകൻ പറഞ്ഞു.



പ്രൈഡ് ഓഫ് പുതുച്ചേരി അവാർഡ് നേടിയ മാഹി സ്വദേശികൾ

# പ്രൈഡ് ഓഫ് പുതുച്ചേരി അവാർഡുകൾ ഏറ്റുവാങ്ങി

പുതുച്ചേരി: സംഗമിത്ര കൺവൻഷൻ സെന്ററിൽ തിങ്ങി നിറഞ്ഞ കലാ-സാംസ്ക്കാരിക പ്രവർത്തകരെ സാക്ഷി നിർത്തി പ്രൈഡ് ഓഫ് പുതുച്ചേരി അവാർഡുകൾ സമ്മാനിച്ചു. ചെന്നൈ എസ്എസ് ന്യൂസ് ഗ്രൂപ്പ് ഏർപ്പെടുത്തിയ പ്രൈഡ് ഓഫ് പുതുച്ചേരി അവാർഡ് മാഹി സ്വദേശികളായ ചാലക്കര പുരുഷു (സാംസ്കാരികം), കെ.കെ.രാജീവ് (സംഗീതം), ഉത്തമരാജ് മാഹി (സാഹിത്യം), പ്രേമൻ.കെ (ചിത്രം), സതി ശങ്കർ (ചിത്രം), പ്രിയ രഞ്ജിത്ത് കലാക്ഷേത്ര (നൃത്തം), രേണുക വേണുഗോപാൽ (നൃത്തം), ദിവ്യ പ്രീതിഷ് (നൃത്തം) എന്നിവരാണ് ഏറ്റു വാങ്ങിയത്. അവാർഡിന് തിരഞ്ഞെടുക്കപ്പെട്ട മാഹി സ്വദേശികൾ പുതുച്ചേരി സർക്കാറിന്റെ കലൈമാമണി അവാർഡ് ജേതാക്കൾ കൂടിയാണ്. എം.ജി.രഞ്ചിത്തിന് അച്ചിവ്മെന്റ് അവാർഡും ലഭിച്ചിട്ടുണ്ട്. പ്രമുഖ വ്യവസായിയും ആക്ടിവിസ്റ്റുമായ ചാർലസ് മാർട്ടിനാണ് അവാർഡുകൾ സമ്മാനിച്ചത്.ഡോ: പർവീൺ സുൽത്താന,. ഈറോഡ് മഹേഷ്, കലൈമാമണി ജി. ഭാരതി , അഡ്വ.എം.പി. നാഥൻ ,, ഫാദർ ആന്റണി സാമി, കലൈമാമണി വി. രാംദാസ് ഗാന്ധി സംസാരിച്ചു. നൃത്ത-സംഗീത പരിപാടികൾ അരങ്ങേറി.




എറണാകുളത്ത് വെച്ച് നടന്ന കൊച്ചി സ്പൈസ് കോസ്റ്റ് മാരത്തൺ മത്സരത്തിൽ സെക്കൻഡ് റണ്ണേഴ്സപ്പായ മാഹി സ്വദേശിനി അരുണ വൽസരാജ് ഉമ തോമസ് എം.എൽ.എയിൽ നിന്നും ഉപഹാരം ഏറ്റുവാങ്ങുന്നു. പുതുച്ചേരി മുൻ ആഭ്യന്തര മന്ത്രി ഇ.വൽസരാജിന്റെ സഹധർമ്മിണിയാണ്

# ജവഹർ–കൈരളി കവിത അവാർഡ് അബ്ദുള്ള പേരാമ്പ്രയ്ക്ക്



വിഴിഞ്ഞം : കിടാരക്കുഴി ജവഹർ സ്മാരക ഗ്രന്ഥശാല ഏർപ്പെടുത്തിയ പ്രഥമ ജവഹർ - കൈരളി കവിത അവാർഡ് അബ്ദുള്ള പേരാമ്പ്രയുടെ ദൈവം വന്ന ദിവസം എന്ന കവിതാ സമാഹാരത്തിന് ലഭിച്ചു. ഡോ. എം.എസി ദ്രീഖ്, ഡോ. ഡി. അനിൽകുമാർ, ഡോ. ഉഷസതീഷ് എന്നിവിരടങ്ങിയ ജഡ്ജിങ് പാനലാണ് അവാർഡ് നിർണ്ണയം നടത്തിയത്. അയ്യായിരത്തിയൊന്ന് രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. കേരളപ്പിറവിയുടെ വാർഷിക പരിപാടിയുടെ ഭാഗമായി ഗ്രന്ഥശാലയിൽ നടക്കുന്ന ചടങ്ങിൽ കവി വിനോദ് വൈശാഖി അബ്ദുള്ള പേരാമ്പ്രക്ക് അവാർഡ് സമർപ്പിക്കുന്നു.

## എസ്.എൽ.കെ 2025: കാലിക്കറ്റ് എഫ്.സി നാളെ കണ്ണൂർ വാരിയേഴ്സുമായി ഏറ്റുമുട്ടും

കോഴിക്കോട്: നിലവിലെ ചാമ്പ്യന്മാരായ കാലിക്കറ്റ് എഫ്.സി ഈ സീസണിലെ അപരാജിതരായ കണ്ണൂർ വാരിയേഴ്സുമായി നാളെ ഏറ്റുമുട്ടും. ഇ.എം.എസ്. കോർപ്പറേഷൻ സ്റ്റേഡിയത്തിൽ രാത്രി 7.30–നാണ് മത്സരം.മൂന്ന് കളിയിൽ നിന്ന് രണ്ട് ജയവും ഒരു സമനിലയുമായി കണ്ണൂർ വാരിയേഴ്സാണ് പോയിന്റ് പട്ടികയിൽ ഒന്നാമത്.നിലവിൽ പട്ടികയിൽ നാല് പോയിന്റുമായി കാലിക്കറ്റ് എഫ്.സി ഇപ്പോൾ നാലാം സ്ഥാനത്താണ്.

സ്തനാർബുദ ബോധവത്കരണത്തിനെ പിന്തുണച്ചു കൊണ്ട് സ്ത്രീകൾക്ക് ഈ മത്സരം സൗജന്യമായി കാണാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. കിഴക്കൻ ഗാലറിയിലായിരിക്കും ഇരിപ്പിടങ്ങൾ അനുവദിക്കുന്നത്. മത്സരത്തിന്റെ തുടക്കത്തിൽ കളിക്കാരെ അനുഗമിക്കുന്നത് പൂർണമായും പെൺകുട്ടികളായിരിക്കുമെന്നും സംഘാടകർ അറിയിച്ചു. മത്സരത്തിനുള്ള ടിക്കറ്റുകൾ Quickerala.com-ൽ ലഭ്യമാണ്

കേരള സർക്കാരിന്റെ
അഭിമാന പദ്ധതി





തൃശ്ശൂർ സുവോളജിക്കൽ പാർക്ക്
ഇന്ത്യയിലെ ആദ്യത്തെ ഡിസൈനർ സൂ

സ്വാഗതം
ശ്രീ. കെ. രാജൻ
ബഹു. റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രി
അധ്യക്ഷൻ
ശ്രീ.എ.കെ. ശശീന്ദ്രൻ
ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രി

ഉദ്ഘാടനം
ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി
2025 ഒക്ടോബർ 28 വൈകുന്നേരം 4 മണിക്ക് പുത്തൂരിൽ

- കേരളത്തിലെ ആദ്യത്തെ സുവോളജിക്കൽ പാർക്ക്.
- പ്രദേശവാസികളുടെ നാലു പതിറ്റാണ്ടിന്റെ കാത്തിരിപ്പാണ് സഫലമാകുന്നത്.
- 338 ഏക്കർ സ്ഥലത്ത് അന്താരാഷ്ട്ര നിലവാരമുള്ള 23 ആവാസയിടങ്ങൾ.
- ലോകോത്തര മൃഗശാലാ ഡിസൈനർ ആയ ജോൺ ചാൾസ് കോ യുടെ രൂപകൽപ്പന.
- തൃശ്ശൂർ പട്ടണത്തിൽ സ്ഥലപരിമിതി മൂലം ഞെരുങ്ങി കഴിഞ്ഞിരുന്ന മൃഗങ്ങൾ വിശാലമായ ആവാസയിടങ്ങളിലേക്ക്.
- മുന്നൂറിൽപ്പരം വാഹനങ്ങൾക്കുള്ള പാർക്കിങ്.
- പാർക്കിനകത്ത് കെ.എസ്.ആർ.ടി.സി.യുടെ ഇലക്ട്രിക്ക് ബസുകൾ.
- 6.5 കിലോമീറ്റർ സന്ദർശക പാതകൾ.
- തൃശ്ശൂർ ടൗണിൽ നിന്നും പാർക്കിലേക്ക് കെ.എസ്.ആർ.ടി.സി.യുടെ ഡബിൾ ഡെക്കർ ഇലക്ട്രിക്ക് ബസ്.
- വിശാലമായ ഫുഡ് കോർട്ടും ഫുഡ് കിയോസ്കുകളും.
- അതിവിശാലമായ നൈറ്റ് സൂ.
- സന്ദർശകർക്ക് മൃഗങ്ങളെ അടുത്ത് കാണുവാൻ ഗ്ലാസ് വ്യൂയിങ് ഇടങ്ങൾ.
- ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും മൃഗങ്ങൾ എത്തുന്നു.
- ഇന്ത്യയിലാദ്യമായി ഹോളോഗ്രാം സൂ- വിവിധ ഭൂഖണ്ഡങ്ങളിലെ സഫാരി അനുഭവം.
- മാനുകളുടെ സഫാരി പാർക്ക് ഒരുങ്ങുന്നു.
- അരുമ മൃഗങ്ങളുമായി ഇടപഴകുവാൻ പെറ്റിങ് സൂ.
- കിഫ്ബി ധനസഹായത്തോടെ 371 കോടി രൂപയുടെ പദ്ധതി.
- സുവോളജിക്കൽ പാർക്കിന്റെ വരവോടെ പുത്തൂർ ലോക വിനോദ സഞ്ചാര ഭൂപടത്തിൽ.
- തൃശ്ശൂർ ജില്ലയുടെ സാമ്പത്തിക കുതിപ്പിന് തുടക്കം.

മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിന്
ഹെൽപ്പ് ലൈൻ നമ്പർ 1933 9497979794, 9497927797

പരസ്യം നൽകാൻ വിളിക്കൂ.... 9037319971, 9400919971
പീപ്പിൾസ് റിവ്യൂ ദിനപത്രം
- വസ്തു പ്രമാണം
- സർട്ടിഫിക്കറ്റുകൾ
- മറ്റ് രേഖകൾ
- പേര് മാറ്റം
- ക്ലാസിഫൈഡ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കാൻ
- കോടതി പരസ്യങ്ങൾ

Peoples Review, Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com

RNI No.35157/10, Printer, Publisher & Chief Editor P.T.Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp.HP Petrol Pump, West Nadakkavu, Calicut -673011, Email:peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode